

## ആദിവാസി സമര ഐക്യദാർഢ്യ കൺവെൻഷൻ

പ്രിയ സുഹൃത്തെ,

ഫെബ്രുവരി 19ന് മുത്തങ്ങയിൽ ആദിവാസികൾക്കുനേരെ നടന്ന പോലീസ് വെടിവെപ്പും തുടർന്നുണ്ടായ പോലീസ് അതിക്രമങ്ങളും താങ്കളുടെയും ശ്രദ്ധയിൽ പെട്ടിട്ടുണ്ടാകുമല്ലോ.

2003 ഫെബ്രുവരി 28ന് ഒരു സംഘം ഡോക്ടർമാരുടേയും സാംസ്കാരികപ്രവർത്തകരുടെയും കൂടെ മുത്തങ്ങയിലെയും പരിസരപ്രദേശങ്ങളിലെയും ആദിവാസി ഊരുകൾ സന്ദർശിച്ചപ്പോൾ കാട്ടിൽ നിന്നും നാട്ടിൽ നിന്നും ആട്ടിപ്പായിച്ച് ജീവിതത്തിന്റെ ഓരങ്ങളിലേക്ക് നാം തള്ളിയ ആദിവാസി ജീവിതത്തിന്റെ ദയനീയവും ഭീതിദവുമായ മുഖമാണ് ഞങ്ങൾ കണ്ടത്. കുട്ടികൾ എവിടെയാണെന്നറിയാത്ത അമ്മമാർ, ഭർത്താക്കന്മാരെവിടെയുണ്ടെന്നറിയാത്ത സ്ത്രീകൾ, ഭാര്യയും മക്കളും എവിടെയെന്നറിയാത്ത പുരുഷന്മാർ...

വെടിവെപ്പിനു ശേഷമുള്ള ആദിവാസി ജീവിതം അനിശ്ചിതത്വത്തിലും ഭീതിയിലുമാണ്ടു കിടക്കുന്നു. വാഹനങ്ങളുടെ ഇരമ്പം കേൾക്കുമ്പോൾത്തന്നെ കുട്ടികളെയും തോളിലിട്ട് കുടിലുകളിൽനിന്നും ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്ന സ്ത്രീകൾ ഊരുകളിലെ പോലീസ് ഭീകരതയുടെ കാഠിന്യം വെളിവാക്കുന്നു.

ഭൂമിക്കുവേണ്ടിയുള്ള ആദിവാസി പോരാട്ടത്തിന്റെ കൂടെ നിൽക്കുന്നതോടൊപ്പം വെടിവെപ്പും പോലീസ് ഭീകരതയും താറുമാറാക്കിയ ഇവരെ സാധാരണ ജീവിതത്തിലേക്ക് നയിക്കാനുള്ള ബാധ്യതയും നമുക്കുണ്ട്. ഭക്ഷണം, മരുന്ന്, വസ്ത്രം, പാത്രങ്ങൾ തുടങ്ങിയ ഭൗതികാവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നതോടൊപ്പം ഇവർക്ക് ആത്മധൈര്യം പകരാനുള്ള ചുമതലയും നമുക്കുണ്ട്.

വയനാട്ടിലെയും അയൽജില്ലകളിലെയും പീഡിതരായ ആദിവാസി ജനതയോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനും ഭൂമിക്കുവേണ്ടിയുള്ള അവരുടെ അവകാശസമരത്തെ സഹായിക്കാനുമായി മാർച്ച് 17ന് തിങ്കളാഴ്ച രാവിലെ 10 മണി മുതൽ സുൽത്താൻ ബത്തേരിയിൽ ഒരു കൺവെൻഷൻ നടത്തുകയാണ്.

എഴുത്തുകാർ, ചലച്ചിത്രപ്രവർത്തകർ, ചിത്രകാരന്മാർ, ശില്പികൾ, നാടകപ്രവർത്തകർ, ആരോഗ്യപ്രവർത്തകർ, മാധ്യമപ്രവർത്തകർ, മനുഷ്യാവകാശ പ്രവർത്തകർ, ആക്ടിവിസ്റ്റുകൾ..... തുടങ്ങി ജീവിതത്തിന്റെ നാനാതുറകളിലുമുള്ളവരുടെ പങ്കാളിത്തം പീഡനമനുഭവിക്കുന്ന ആദിവാസി സമൂഹത്തിന് ഊർജ്ജം പകരുകയും, നീതിയ്ക്കും നിലനിൽപിനും വേണ്ടിയുള്ള അവരുടെ പോരാട്ടത്തിന് ശക്തി പകരുകയും ചെയ്യും.

നാം ആദിവാസി ജനതയ്ക്കൊപ്പമുണ്ടെന്ന് പറയാനെങ്കിലും ഇപ്പോൾ നമുക്ക് കഴിയുന്നില്ലെങ്കിൽ കൊട്ടിഘോഷിക്കപ്പെടുന്ന കേരളീയ പ്രബുദ്ധതയുടെ അർത്ഥമെന്താണ്?

താങ്കളും കൂട്ടുകാരും തീർച്ചയായും കൺവെൻഷനിൽ പങ്കെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

സ്ഥലം: സുൽത്താൻ ബത്തേരി

സമയം: 10 മണി മുതൽ

സ്നേഹപൂർവ്വം,

എം.ടി. വാസുദേവൻ നായർ

ചെയർമാൻ, ഐക്യദാർഢ്യ കൺവെൻഷൻ സംഘാടക സമിതി.

ബന്ധപ്പെടാവുന്ന ഫോൺനമ്പർ: സി. സുരേന്ദ്രനാഥ് 0495 - 2320114 E-mail: mutthanga@hotmail.com

Phone : (0493) 620570
622024

**വയനാട്**
**പ്രകൃതിസംരക്ഷണ സമിതി**
**സുൽത്താൻ ബത്തേരി**
**കേരളം - 673 592**

**Wayanad**
**Prakruthi Samrakshna Samithi**
**Sulthan Bathery**
**Keralam - 673 592**


Date 17.7.03.

ഔദ്യോഗിക അധികാരങ്ങളൊന്നുമില്ലാത്ത കോഴിക്കോട്ടെ ആനിമർ വെർഫയർ ഇൻസ്പെക്ടർ, പാംബ്ര എസ്റ്റേറ്റുടമയും, അബ്കാരിയുമായ വ്യക്തിയെ രക്ഷിക്കാൻ ഷോക്കേർപ്പിച്ചു കൊന്ന കാട്ടാനയെ നാട്ടാനയാണെന്നു സ്ഥാപിച്ച് ആനിമർ വെർഫെയർ ബോർഡിനും മറ്റും അയച്ച റിപ്പോർട്ടിന്റെ പൊള്ളത്തരം തുറന്നു കാണിച്ച് ആന ഷോക്കേറ്റു മരിച്ച ദിവസവും, തുടർന്ന് പത്ര മാധ്യമങ്ങളിർ വന്ന റിപ്പോർട്ടുകൾ സഹിതം വയനാട് പ്രകൃതി സംരക്ഷണ സമിതി കേന്ദ്ര വനം വകുപ്പു മന്ത്രി, സംസ്ഥാന വനം വകുപ്പു മന്ത്രി, ചീഫ് കൺസർവേറ്റർമാർ, ആനിമർ വെർഫയർ ബോർഡ് ചെയർമാൻ തുടങ്ങിയവർക്ക് പരാതി നർകി.

റവന്യൂ വകുപ്പു മന്ത്രിയുടെ പാർട്ടിയുടെ സംസ്ഥാന യുവജന നേതാവും, റിട്ടയറായ ഒരു വനിതാ വെറ്റിനറി ഡോക്ടറും, ആനിമർ വെർഫയർ ഇൻസ്പെക്ടറും, വയനാട് വൈർഡ് ലൈഫ് വാർഡനും അബ്കാരിയായ തോട്ടയുടമയ്ക്കു വേണ്ടി നടത്തുന്ന നീക്കങ്ങളിൽ വയനാട് പ്രകൃതി സംരക്ഷണ സമിതി അപലപിച്ചു.

ആന ചെരിഞ്ഞ രാത്രിയിർ കാട്ടാനകൾ റോഡ് തടസ്സപ്പെടുത്തി കൂട്ടം കൂടി നിന്നതിന്റേയും, പോസ്റ്റുമോർട്ടത്തിനും മറ്റും നേതൃത്വം കൊടുക്കാൻ സ്ഥലത്തെത്തിയ ഫോറസ്റ്റുകാരെ വന്യ മൃഗശല്യം ഒഴിവാക്കണമെന്നാവശ്യപ്പെട്ട് നാട്ടുകാർ തടഞ്ഞതിന്റെയും പോസ്റ്റുമോർട്ടം ചെയ്ത ഡോക്ടറുടെ കാട്ടാനയാണെന്ന നിഗമനവും മറ്റുമായി പത്ര മാധ്യമങ്ങളിർ വന്ന വാർത്തകളുടെ കോപ്പികളും പരാതിയോടൊപ്പം അയച്ചിട്ടുണ്ട്.

ആനിമർ വെർഫയർ ഇൻസ്പെക്ടർ എന്ന സേവന പദവിയെ ദുരുപയോഗം ചെയ്യുന്ന വ്യക്തിയെക്കുറിച്ചന്വേഷിക്കണമെന്നും, കാട്ടാനയെ ഷോക്കേർപ്പിച്ചു കൊന്ന തോട്ടയുടമയെ അടിയന്തിരമായി അറസ്റ്റു ചെയ്തു ശിക്ഷിക്കണമെന്നും വയനാട് പ്രകൃതി സംരക്ഷണ സമിതി ആവശ്യപ്പെട്ടു.

തോമസ് അംബലവയർ,

Thomas

(സെക്രട്ടറി).

18.08.03

Dear Readers and Contributors,

Firstly, we are extremely grateful to you for encouraging us by sharing your experiences in spite of delayed schedules in production of LEISA India.

Some good news! We shall be reaching you regularly, having overcome funding constraints. We are striving our best to produce quickly the issues for the years 2002 and 2003.

For the theme, Genetic Engineering, Vol. 3. no. 4, December 2001, instead of a LEISA India magazine, a 4 page LEISA India supplement, a copy of the international edition of LEISA magazine and Biotechnology Monitor is being distributed. Besides supporting the production and distribution of LEISA magazine on this theme, Bio-technology monitor has offered free distribution of its own magazine.

However, in future, you will continue to receive the LEISA India magazine.

As you know, LEISA India magazines are theme based and not in series. Contributors have responded enthusiastically to various themes and have been extremely patient. Thus, we wanted to produce and distribute the magazines without any further delays.

Thus, you will be receiving, issues for 2002 &2003, *not necessarily in chronological sequence.* Please bear with the inconvenience.

We are planning to produce and distribute the following issues in the coming months.

| 2002 Themes | Vol.no & Iss.no. | 2003 Themes | Vol.no. & Iss.no. |
|---|---|---|---|
| Animal Husbandry | Vol 4.no.1 | Farmer Field Schools | Vol 5.no.1 |
| Rural Communication | Vol 4.no.2 | Water Harvesting | Vol 5.no.2 |
| Soil Management | Vol 4.no.3 | | |
| Women in Agriculture | Vol 4.no.4 | | |

Thanking you once again for your cooperation.

Yours Sincerely,

K.V.S. Prasad
Managing Editor – Leisa India
AME Foundation
No.1583, 17th Main, 2nd Phase, J P Nagar, Bangalore – 560 078
ph:6596780/ 6582835 Fax: 6583471 email: amebang@giasbg01.vsnl.net.in

KFPSA

# കേരള ഫോറസ്റ്റ് പ്രൊട്ടക്റ്റീവ് സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന കമ്മറ്റി

# വാഹന പ്രചരണ ജാഥ

## 2003 ഫെബ്രുവരി 10,11 തിയ്യതികളിൽ

മാന്യരെ,

2001 ഒക്ടോബർ 16-ന് സർക്കാരും ആദിവാസി സംഘടനകളുമായി ഉണ്ടാക്കിയ കരാർ നടപ്പിലാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് വിവിധ ആദിവാസി സംഘടനകളുടെ നേതൃത്വത്തിൽ വയനാട് ജില്ലയിൽ വ്യാപകമായി വനഭൂമി കയ്യേറിയിട്ട് ഒരു മാസത്തോളമാകുന്നു.

ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിച്ച് ആദിവാസികൾക്കു നൽകണമെന്ന 1975-ൽ പാസ്സാക്കിയ ഭൂനിയമം നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് സി.കെ. ജാനുവിന്റെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റിനു മുമ്പിൽ നടത്തിയ സമരത്തിന് പരിസമാപ്തി കുറിച്ചത് ഒക്ടോബർ 16-ലെ കരാറായിരുന്നു. സർക്കാരിന്റെ കൂടി ഒത്താശയോടുകൂടി 1975-ലെ നിയമം നടപ്പിലാക്കണമെന്ന ഡിമാന്റിൽ നിന്നും ആദിവാസി ഗോത്രസഭ പിൻമാറുകയും, അന്യാധീനപ്പെട്ട ഭൂമിക്കു പകരം 5 ഏക്കർവരെ ഭൂമി ആദിവാസി കുടുംബങ്ങൾക്കു നൽകാമെന്ന ഒത്തുതീർപ്പു വ്യവസ്ഥ അംഗീകരിക്കുകയും ചെയ്തു. പകരം ഭൂമി നൽകുന്നത് വനഭൂമി കൂടി ഉൾപ്പെടുത്തിയായിരിക്കുമെന്നാണ് ഇരുകൂട്ടരും അംഗീകരിച്ചത്. ഇതു നിലവിലുളള നിയമങ്ങൾക്കു വിരുദ്ധമായിരുന്നു. 1980-ലെ വനനിയമപ്രകാരം വനഭൂമി വനേതരാവശ്യങ്ങൾക്കു വിട്ടുകൊടുക്കുവാൻ സാധിക്കില്ലായെന്നിരിക്കെ 1975-ലെ നിയമം നടപ്പിലാക്കണമെന്ന ഡിമാന്റ് ഉപേക്ഷിച്ച് അപ്രായോഗികമായ ഒരു വ്യവസ്ഥ അംഗീകരിച്ചതിലൂടെ ആദിവാസി ഗോത്രസഭയും സി.കെ. ജാനുവും ആദിവാസി സമൂഹത്തെ വഞ്ചിക്കുകയും ഇതര ജനവിഭാഗങ്ങളെ തെറ്റിദ്ധരിപ്പിക്കുകയുമായിരുന്നു.

വഞ്ചനയുടെ ഗന്ധം മണക്കുന്ന ഈ കരാർ നടപ്പിലാക്കണമെന്നു പറഞ്ഞാണ് വയനാട് വന്യജീവി സങ്കേതത്തിൽ ആദിവാസി ഗോത്രസഭയും, സൗത്ത് വയനാട് ഡിവിഷനിലും നോർത്ത് വയനാടു ഡിവിഷനിലും **A.K.S.**ഉം കയ്യേറിയിരിക്കുന്നത്. ഏറെ ജൈവ വൈവിധ്യ പ്രാധാന്യമുളള നീലഗിരി ബയോസ്ഫിയറിന്റെ കോർ ഏരിയ കയ്യേറിയതിലൂടെ വനത്തിനും വനസമ്പത്തിനും അപരിഹാര്യമായ നഷ്ടമാണ് സമരക്കാർ വരുത്തിവച്ചിരിക്കുന്നത്. വനം വകുപ്പും വനസംരക്ഷണ ജീവനക്കാരുമാണ് ഇന്ന് സമരക്കാരുടെ ശത്രുക്കൾ. മറ്റു സംഘടനകളും ഈ സമരരീതി പിന്തുടരുമെന്ന് പ്രഖ്യാപിച്ചതോടെ കേരളത്തിൽ വ്യാപകമായി ഇത്തരം നിയമവിരുദ്ധ കയ്യേറ്റങ്ങൾ നടക്കുവാൻ സാധ്യത വർദ്ധിച്ചിരിക്കുകയാണ്. ഇത്രയുമായിട്ടും കയ്യേറ്റം ഒഴിപ്പിക്കുന്നതിനുളള യാതൊരു നടപടികളും ബന്ധപ്പെട്ട അധികാരികളുടെയോ സർക്കാരിന്റെയോ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഈ നിഷ്ക്രിയത്വം അവസാനിപ്പിക്കണമെന്നും, എല്ലാ കയ്യേറ്റങ്ങളും ഒഴിപ്പിക്കുന്നതിന് ശക്തമായ നടപടി അടിയന്തിരമായി കൈകൊളളണമെന്നും, ഈ പ്രശ്നം ശാശ്വതമായി അവസാനിപ്പിക്കുവാൻ സർക്കാർ മുൻകയ്യെടുത്ത് രാഷ്ട്രീയ പരിഹാരം ഉണ്ടാക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് **K.F.P.S.A.** സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ **2003 ഫെബ്രുവരി 10,11 തീയതികളിൽ വയനാട് ജില്ലയിൽ വാഹന പ്രചരണജാഥ** നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. പ്രസ്തുത ജാഥയുടെ വിജയത്തിനും തുടർന്നു നടത്തുന്ന പ്രക്ഷോഭ പരിപാടികളുടെ വിജയത്തിനും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്,

സംസ്ഥാന കമ്മറ്റിക്കു വേണ്ടി,

(ഒപ്പ്)

**അറുമുഖൻ നാറാണത്ത്**

(സംസ്ഥാന സെക്രട്ടറി)

കൽപ്പറ്റ
1-2-03

# വാഹന പ്രചരണ ജാഥ

## ഉദ്ഘാടനം

**കാട്ടിക്കുളം**

10 – 2 – 03 തിങ്കൾ വൈകീട്ട് 4 മണി

ഉദ്ഘാടനം : **ശ്രീ. കെ. ജയകുമാർ**
(ജനറൽ സെക്രട്ടറി, K.F.P.S.A.)

അദ്ധ്യക്ഷൻ : **ശ്രീ. കെ. ആർ. തോമസ്**
(പ്രസിഡണ്ട്, K.F.P.S.A. വയനാട്)

<u>പ്രസംഗം:</u>

1) **ശ്രീ. അറുമുഖൻ നാറാണത്ത്**
(ജാഥാ ക്യാപ്റ്റൻ & സംസ്ഥാന സെക്രട്ടറി, K.F.P.S.A.)

2) **ശ്രീ. പി. ജയരാജൻ**
(സെക്രട്ടറി, K.F.P.S.A.)

3) **ശ്രീ. പി.പി.വർഗ്ഗീസ്**
(സംസ്ഥാന കമ്മറ്റി അംഗം)

4) **ശ്രീ. പി.കെ. ഹൈദ്രോസ് കുട്ടി**
(സംസ്ഥാന കൗൺസിലർ)

5) **ശ്രീ. എം.രാജൻ നമ്പ്യാർ**
(പ്രസിഡണ്ട്, K.F.P.S.A. കോഴിക്കോട്)

6) **ശ്രീ. ടി.പി.വേണുഗോപാലൻ**
(ജില്ലാ സെക്രട്ടറി, K.F.P.S.A. വയനാട്)

## സമാപനം

**സുൽത്താൻ ബത്തേരി**
**സ്വതന്ത്ര മൈതാനിയിൽ**

11 – 2 – 2003 ചൊവ്വ വൈകീട്ട് 6 മണി

ഉദ്ഘാടനം : **ശ്രീ. കെ. വിജയകുമാർ**
(പ്രസിഡണ്ട്, K.F.P.S.A.)

അദ്ധ്യക്ഷൻ : **ശ്രീ. കെ.പി. അബ്ദുൾ വഹാബ്**
(മുൻ സംസ്ഥാന സെക്രട്ടറി, K.F.P.S.A.)

<u>പ്രസംഗം:</u>

1) **ശ്രീ. കെ.കെ. ദിവാകരൻ**
(വൈസ് പ്രസിഡണ്ട്, K.F.P.S.A.)

2) **ശ്രീ. പി. പ്രഭാകരൻ**
(സംസ്ഥാന കൗൺസിലർ)

3) **ശ്രീ. മനോജ് കൊളോറ**
(സംസ്ഥാന കൗൺസിലർ)

4) **ശ്രീ. എ.കെ. ഗോപാലൻ**
(ജില്ലാ ഖജാൻജി, K.F.P.S.A. വയനാട്)

5) **ശ്രീ. കെ.പി. പീറ്റർ**
(കൺവീനർ, പ്രചരണ ജാഥ)

## ജാഥാ പരിപാടി

<u>10-2-2003</u>

| | | | |
|---|---|---|---|
| തിങ്കൾ | 4 P.M. | : | കാട്ടിക്കുളം (ഉദ്ഘാടനം) |
| | 6 P.M. | : | മാനന്തവാടി |

<u>11-2-2003</u>

| | | | |
|---|---|---|---|
| ചൊവ്വ | 8 A.M. | : | വെള്ളമുണ്ട |
| | 9.30 A.M. | : | പടിഞ്ഞാറത്തറ |
| | 10.30 A.M. | : | പൊഴുതന |
| | 11.30 A.M. | : | കൽപ്പറ്റ |
| | 12.30 P.M. | : | മേപ്പാടി |
| | 2.00 P.M. | : | മീനങ്ങാടി |
| | 3.00 P.M. | : | ഇരുളം |
| | 5.00 P.M. | : | മുത്തങ്ങ |
| | 6.00 P.M. | : | സുൽത്താൻ ബത്തേരി (സമാപനം) |

KFPSA

ജയാ ഓഫ്സെറ്റ്, മേപ്പാടി

# പൈങ്കിളി വായനക്കാരോട്

നിങ്ങൾ മനോരമ, മംഗളം, ജനനി, സഖി, മനോരാജ്യം തുടങ്ങിയ ഏതെങ്കിലും പൈങ്കിളി വാരികയുടെ വായനക്കാരനാണോ? നിങ്ങളുടെ കുടുംബത്തിൽ 'വിജ്ഞാനത്തിനും വിനോദത്തിനും' വേണ്ടി ഏതെങ്കിലും പൈങ്കിളി വാരിക വരുത്താറുണ്ടോ? ഉണ്ടെങ്കിൽ സൂക്ഷിക്കുക, സ്വയം നശിപ്പിക്കുന്നതിന്ന് തുല്യമാണത്. മാരകമായ രോഗാണുക്കളെ സ്വന്തം ശരീരത്തിൽ കുത്തിവെക്കുന്നതിന് തുല്യമാണത്. അതെങ്ങിനെ? ഈ ഉത്തരങ്ങൾ കാണൂ.

1. അത് നിങ്ങളെ മാനസിക രോഗിയാക്കുന്നു.

മദ്യദുരന്ത റിപ്പോർട്ടിനുവേണ്ടി, ബലാത്സംഗം ചെയ്യപ്പെട്ട് മരിച്ച പെൺകുട്ടിയുടെ കഥയ്ക്കും, പട്ടിണി പൊറുക്കാഞ്ഞ് കൂട്ടത്തോടെ ആത്മഹത്യചെയ്ത കുടുംബത്തിന്റെ കണ്ണീരിനുംവേണ്ടി ഓരോ ആഴ്ചയും കാത്തിരിക്കുന്ന നിങ്ങൾ മാനസിക രോഗിയല്ലെങ്കിൽ പിന്നെ ആരാണ്? സൂക്ഷിക്കുക, അന്യന്റെ വേദനയിൽ ആഹ്ളാദം കണ്ടെത്തുന്ന നിങ്ങൾ മാനസിക രോഗിയായിക്കഴിഞ്ഞു. മററു സഹോദരന്മാരുടെ ദൈന്യത്തെ രസകരമായി റിപ്പോർട്ടാക്കുന്നവന്റെ ക്രൂരതയും കച്ചവടക്കണ്ണും നിങ്ങൾ കാണാത്തതെന്ത്? അത്തരമൊരു ചോദ്യംപോലും മനസിലുയരാത്തവിധം നിങ്ങളുടെ മനസ്സ് കല്ലിച്ചുപോയോ?

2. ഒന്നും ആശിക്കാനില്ലാത്ത ഒരു തലമുറ ഇവിടെ വളർന്നുകൊണ്ടിരിക്കുകയാണെന്ന സത്യം നമ്മുടെ മന്ത്രിമാരൊഴിച്ച് എല്ലാവർക്കുമറിയാം. നമ്മുടെ അരിയിൽ കല്ലും, മത്സ്യത്തിൽ അമോണിയയും, പച്ചക്കറിയിൽ കീടനാശിനിയും, മണ്ണെണ്ണയിൽ മരണവും, അന്തരീക്ഷത്തിൽ വിഷപ്പുകയും നിറഞ്ഞിരിക്കുന്നുവെന്നും എല്ലാവർക്കുമറിയാം. മതമേധാവിയും രാഷ്ട്രീയക്കാരനും നമ്മുടെ നെഞ്ചത്ത് കുതിരകേറുകയാണെന്നും അറിയാം. സത്യത്തിൽ നാം ജീവിക്കുന്ന കാലം എത്രയോ ക്രൂരമാണ്. എന്നാൽ പൈങ്കിളി വാരിക ഇത്തരം പ്രശ്നങ്ങളിൽ നിന്നും നമ്മുടെ ശ്രദ്ധ മാററിക്കളയുകയും മയക്കുമരുന്നുപോലെ ബുദ്ധിയെ, മനസ്സിനെ ബാധിക്കുകയും ചെയ്യുന്നു. അത് മാനസികമായി നമ്മെ വന്ധീകരിക്കുന്നു.

3. കാലത്തിന്റെ ക്രൂരതകളെ മനസ്സിലാക്കുകയും അതിനെതിരെ അക്ഷരത്തെ സമരായുധമാക്കുകയുമാണ് എക്കാലത്തും സാഹിത്യം ചെയ്തുപോന്നിട്ടുള്ളത്. പൈങ്കിളിവാരിക വായിക്കുന്ന നിങ്ങൾക്ക് സാഹിത്യത്തിന്റെ ശക്തിയോ ഭാഷയുടെ വിശുദ്ധിയോ മനസ്സിലാകാതെപോകുന്നു.

(മറുവശം.. )

4. കൃത്രിമമായ ഒരു ഭാഷാശൈലി നിങ്ങൾ സമ്പാദിക്കുന്നു. പരിശുദ്ധമായ സൗഹൃദസംഭാഷണങ്ങളിൽപോലും പൈങ്കിളി പദാവലികൾ കടന്നുകൂടുന്നു.

5. സമൂഹത്തിലെ എററവും പീഡിതരായ വിഭാഗം സ്ത്രീകളാണ്. പൈങ്കിളി പ്രസിദ്ധീകരണങ്ങളുടെ അടിമകളിൽ അധികംപേരും ഇവരാണ്. വീടിന്റെ അകത്തളങ്ങളിൽ അന്ധരോ ബധിരരോ ആക്കപ്പെടുന്ന ഇവർ പൈങ്കിളി പ്രസിദ്ധീകരണങ്ങളുടെ വായനയിലൂടെ സ്വയംതന്നെ മോചനത്തിന്റെ സാദ്ധ്യതകളെ വിദൂരസ്ഥമാക്കുന്നു. പീഡനങ്ങളുടേയും ദുരിതങ്ങളുടേയും കാരണം അറിയാൻ ശ്രമിക്കുന്നതിനു് പകരം എല്ലാം വിധിയാണെന്നു് കരുതി കാലം കഴിക്കുന്നു.

6. പ്രണയം, ത്യാഗം, സത്യസന്ധത എന്നീ ഉൽകൃഷ്ട മനുഷ്യശീലങ്ങൾ സ്വന്തം ജീവിതത്തിൽ സാക്ഷാത്കരിക്കേണ്ടതാണ് എന്ന ബോധത്തിനു് പകരം അത് തുടർനോവലിലെ നായകനും നായികയ്ക്കും പങ്കിട്ടുകൊടുത്ത് നിങ്ങൾ സ്വസ്ഥരാകുന്നു. ഇവയത്രയും നമ്മുടെ യഥാർത്ഥ ജീവിതത്തെ എപ്രകാരം സമ്പന്നമാക്കണം എന്ന പ്രശ്നം നിങ്ങൾ അവഗണിക്കുന്നു.

7. ഒരു 'കുപ്രസിദ്ധ' പൈങ്കിളി വാരികയുടെ പന്ത്രണ്ട് ലക്ഷം പ്രതികൾ കേരളത്തിൽ വിററഴിയുന്നുണ്ടത്രെ. അത്രയും ലക്ഷം രൂപ മുതലാളിയും ആദായനികുതിയെന്ന പേരിൽ സർക്കാരും പങ്കിട്ടെടുക്കുകയാണ്. നിങ്ങൾ അദ്ധ്വാനിച്ചുണ്ടാക്കുന്ന കാശ് നിങ്ങളെ നശിപ്പിക്കുന്നവന്റെ ബാങ്ക് ഡിപ്പോസിററായി മാറുന്നു. ജനതയെ മാനസികമായി വ്യഭിചരിച്ചു കിട്ടുന്ന പണത്തിൽ ഉളുപ്പില്ലാതെ സർക്കാരും പങ്കുപററുന്നു.

8. ജീവിച്ചിരിക്കുക എന്നത് ലജ്ജാകരമാകുന്ന ഒരു സാഹചര്യത്തിൽ ആ സാഹചര്യത്തോടു് പൊരുത്തപ്പെടാനും അതിനെ സഹിക്കാനും മറക്കാനും പൈങ്കിളി വാരിക സഹായിക്കുന്നു. കഞ്ചാവ്, കറുപ്പ്, എൽ. എസ്. ഡി. എന്നീ മാരകമായ ലഹരിപദാർത്ഥങ്ങളും ഇതുതന്നെയാണല്ലോ ചെയ്യുന്നത്?

സ്വന്തം ചുററുപാടിനെ മനസ്സിലാക്കാനുള്ള കഴിവ് അടുത്ത തലമുറക്കെങ്കിലും നൽകുക. പൈങ്കിളിവാരിക വായിക്കുന്നത് നിരുത്സാഹപ്പെടുത്തുക. നമ്മുടെ കുഞ്ഞുങ്ങളെങ്കിലും നേരോടെ നെറിയോടെ ജീവിക്കട്ടെ. അവരെപ്പററി നാമല്ലാതെ ആരു സങ്കടപ്പെടും?

(പേരാമ്പ്രയിലെ പ്രതികരണവേദിയോടു് കടപ്പാട്)

**എപ്പിക്ക് ലൈബ്രറി, നായ്ക്കട്ടി-നൂൽപ്പുഴ.**

വയനാട്
പ്രകൃതിസംരക്ഷണ സമിതി
സുൽത്താൻ ബത്തേരി
കേരളം - 673 592

Phone : (0493) 620570
622024

Wayanad
Prakruthi Samrakshna Samithi
Sulthan Bathery
Keralam - 673 592

Date 22.02.03

## വയനാട് പ്രകൃതിസംരക്ഷണ സമിതി ആവശ്യപ്പെടുന്നു.

1. മുത്തങ്ങയിലെ ദുരന്തത്തിന്റെ പേരിൽ നിരപരാധികളായ ആദിവാസികളെ വേട്ടയാടുന്നതും അതിന്റെ പേരിൽ നടക്കുന്ന വ്യാപകമായ പൗരാവകാശ ലംഘനങ്ങളും ഉടൻ അവസാനിപ്പിക്കുക.
2. ദുരന്തത്തിൽ മരിച്ചവരുടെ എണ്ണത്തെക്കുറിച്ച് നിലനിൽക്കുന്ന ദുരൂഹത നിഷ്പക്ഷ അന്വേഷണത്തിലൂടെ പരിഹരിക്കുക.
3. അറസ്റ്റ് ചെയ്യപ്പെട്ട നിരപരാധികളെ ഉടനെ വിട്ടയക്കുകയും പരിക്കുപറ്റിയവർക്കും നിരാലംബരുമായ ആദിവാസികൾക്ക് അടിയന്തിര സഹായമെത്തിക്കുകയും ചെയ്യുക.
4. തെറ്റിദ്ധരിപ്പിക്കപ്പെട്ടും പ്രലോഭിപ്പിക്കപ്പെട്ടും മുത്തങ്ങയിൽ കയ്യേറ്റത്തിനെത്തിയ ആദിവാസികളോടുള്ള പകയും വിദ്വേഷവും ഉപേക്ഷിക്കണമെന്ന് ജനങ്ങളോട് ഞങ്ങൾ അപേക്ഷിക്കുന്നു.
5. കാലങ്ങളായി ആദിവാസി സമൂഹത്തിന്റെ പ്രശ്നങ്ങളെ അവഗണിച്ച മാറിമാറിവരുന്ന സർക്കാരുകളും ആധുനിക സമൂഹവുമാണ്; ഈ ദുരന്തത്തിനുത്തരവാദികളെന്ന് ഈ സന്ദർഭത്തിൽ നാം തിരിച്ചറിയേണ്ടതുണ്ട്.

ബാബു വെൽബാഗി
(പ്രസിഡന്റ്)

പി.എം. രാജൻ
(ജോ. സെക്രട്ടറി)

## *വയനാട് പ്രകൃതി സംരക്ഷണസമിതി*

സുൽത്താൻ ബത്തേരി - 673 592

വയനാട് - കേരളം

പ്രിയപ്പെട്ട...............................

ആയുധങ്ങളുടെ ശക്തി മാത്രം ഉപയോഗിച്ച്, സ്വതന്ത്ര രാഷ്ട്രങ്ങളെ തകർത്തുതരിപ്പണമാക്കി, മനുഷ്യാവകാശധ്വംസനങ്ങൾ വ്യാപിക്കുന്ന ഈ കാലത്ത് നാമെല്ലാവരും മനുഷ്യനീതിയെക്കുറിച്ച് ആഴത്തിൽ ചിന്തിച്ച്, പൊതുനന്മ ലക്ഷ്യമാക്കിയുള്ള തീരുമാനങ്ങളിലെത്തേണ്ടതുണ്ട്. മനുഷ്യർ മറ്റ് മനുഷ്യസമൂഹങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്ന യുദ്ധങ്ങൾ പോലെതന്നെ, ഒരുപക്ഷെ അതിലും ബീഭത്സമായി, അധിനിവേശത്തിന്റേയും കീഴ്പ്പെടുത്തലിന്റേയും യുദ്ധം, പ്രകൃതിയുടെമേലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഭൂമിയുടെ അവകാശികളേക്കുറിച്ച് ചിന്തിക്കുന്നതിനൊപ്പം ഭൂമിയ്ക്ക് നമ്മുടെമേലുള്ള അവകാശങ്ങളേക്കുറിച്ചും ചിന്തിക്കുന്നതാണ് നീതി. വൈവിദ്ധ്യങ്ങൾ ഉൾക്കൊള്ളാനാവാത്ത മനുഷ്യമനസ്സുകളുടെ 'പുരോഗതി'യിൽനിന്ന് വിഭിന്നമായി, വൈവിദ്ധ്യങ്ങളെ നിലനിർത്തി, ഉൾക്കൊള്ളാനാവുന്നത്രയും വൈവിദ്ധ്യങ്ങളിൽ നിന്നുൾക്കൊണ്ട്, നിലനില്ക്കാൻ പ്രപ്തരാവുക എന്നതാണ് യഥാർത്ഥ മനുഷ്യവളർച്ച.

കഴിഞ്ഞ കുറേ നൂറ്റാണ്ടുകളിലെ കേരളത്തിന്റെ മുഖഛായ മാറ്റത്തിൽ ഏറ്റവും ശ്രദ്ധേയമായത് ഭൂമിയുടെ ജീവസമൂഹങ്ങളുടേയും മനുഷ്യസംസ്കാരങ്ങളുടേയും വൈവിദ്ധ്യത്തിന്റെ നാശമാണ്. 'ഏകവിള' കാഴ്ച്ചപ്പാട് ഒരു മഹാവ്യാധി പോലെ ഇത്രവേഗം, ഇത്രവ്യാപ്തിയിൽ ബാധിച്ച, നമ്മുടേതു പോലെ മറ്റൊരു നാടുണ്ടാവില്ല. വനനാശത്തിനൊപ്പം, നാണ്യവിളകൃഷി വ്യാപനത്തോടൊപ്പം വംശ നാശ ഭീഷണി നേരിടുന്നു കേരളത്തിലെ ഗോത്രസമൂഹങ്ങളും. ഈ പശ്ചാത്തലത്തിൽ വേണം അടുത്തകാലത്ത് കേരളസമൂഹം ഏറ്റവും ശ്രദ്ധിച്ച ആദിവാസിഭൂസമരത്തെ നമ്മൾ കാണേണ്ടത്.

സ്വാതന്ത്ര്യലബ്ധിക്ക് ശേഷം, ആദിവാസിവികസനപദ്ധതികൾ, ആദിവാസിസമൂഹങ്ങളെ സാമൂഹിക മുഖ്യധാരയിലെത്തിക്കാൻ ചെയ്ത പ്രവൃത്തികളൊക്കെയും എന്താണവർക്ക് നേടിക്കൊടുത്തതെന്ന് നമുക്കൊക്കെ വ്യക്തമായറിയാം. സാംസ്കാരിക വ്യക്തിത്വം നഷ്ടപ്പെട്ട്, സമൂഹ്യ- സാമ്പത്തിക ചൂഷണങ്ങൾക്ക് വിധേയമായി തുടച്ചുമാറ്റപ്പെടുന്ന കേരളത്തിലെ ഗോത്രസമൂഹങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ചും പ്രസക്തിയെക്കുറിച്ചും വ്യക്തമായ ഒരുധാരണ മലയാളി സമൂഹത്തിന് ഉണ്ടാവേണ്ടതുണ്ട്. ഈ മൊത്തം പ്രശ്നങ്ങളേയും കണക്കിലെടുത്തുവേണം ആദിവാസികളുടെ മൗലികാവകാശങ്ങളേയും ഭൂസമരത്തേയും നാം ഉൾക്കൊള്ളേണ്ടത്.

കേരളത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും അതേസമയം തിരുത്താൻ എളുപ്പമല്ലാത്തതുമായ വനനശീകരണവും അതിന്റെ പരിണതഫലമായ വരൾച്ചയും നാം കണക്കിലെടുത്തേ തീരൂ. ഒപ്പം ഇന്നുള്ള വനഭൂമിയായാലും കൃഷിഭൂമിയായാലും നേരിടുന്ന പ്രശ്നങ്ങളും അവയുടെ നീണ്ട കാലത്തേക്കുള്ള സാധ്യതയുമൊക്കെ വിലയിരുത്തുന്നതിനൊപ്പം, മൂന്ന് ലക്ഷത്തോളം വരുന്ന ആദിവാസിസമൂഹങ്ങൾ ഇന്ന് ജീവിക്കുന്ന ഭൂപ്രദേശങ്ങളുടെ മൊത്തം പാരിസ്ഥിതിക പ്രസക്തിയും പ്രധാനപ്രശ്നങ്ങളും നാം മനസ്സിലാക്കണം.

ഇത്തരം വിഷയങ്ങളിൽ താൽപര്യമുള്ള ആദിവാസിനേതൃത്വവും സാമൂഹ്യ പ്രവർത്തകരും ഇക്കാര്യങ്ങളെക്കുറിച്ച് ഒരുമിച്ചൊരു വിലയിരുത്തൽ നടത്തിയിട്ടുവേണം കേരളത്തിന്റെ മൊത്തം നന്മയെക്കൂടി ലക്ഷ്യമാക്കിയുള്ളതും ഓരോ ആദിവാസി സമൂഹത്തിനും അവർ ജീവിക്കുന്ന ഭൂമിയ്ക്കും പ്രസക്തമായതുമായ പ്രയോഗിക ഉത്തരങ്ങളിൽ നാം എത്തേണ്ടത്.

ഇത്തരമൊരു ചർച്ചക്ക് തുടക്കം കുറിക്കാൻ ശ്രമിക്കുകയാണ് വയനാട് പ്രകൃതിസംരക്ഷണ സമിതി. 2003 ആഗസ്ത് ~~15,16,17~~ 29,30,31 തിയ്യതികളിൽ, വയനാട്ടിലെ മുത്തങ്ങയിൽ വെച്ച് നടത്തുന്ന കൂടിച്ചേരലിലേക്ക് താങ്കളെ ക്ഷണിക്കുന്നു. ചർച്ചാവിഷയങ്ങളേക്കുറിച്ച് താങ്കളുടെ അഭിപ്രായം നേരത്തേ അറിയിക്കുമല്ലോ. ചർച്ചയിൽ ഉൾപ്പെടുത്തേണ്ടുന്ന വിഷയങ്ങളെക്കുറിച്ചൊരു ആമുഖക്കുറിപ്പ് താങ്കൾക്കെത്തിക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നു. ഈ വേദിയിൽ പങ്കെടുപ്പിക്കണമെന്ന് താങ്കൾക്ക് താൽപര്യമുള്ളവരുടെ മേൽവിലാസം കഴിയുന്നതും നേരത്തേ ദയവായി എത്തിച്ചുതരുമല്ലോ.

സുൽത്താൻ ബത്തേരി

11-7-03

(signature)

*സ്നേഹത്തോടെ,*

തോമസ് അമ്പലവയൽ.

സെക്രട്ടറി.

# മുത്തങ്ങ ദുരന്തം

## വയനാട് പ്രകൃതിസംരക്ഷണ സമിതിക്കു പറയാനുള്ളത്

ആദിവാസി ഗോത്രമഹാസഭാനേതാക്കളായ സി. കെ. ജാനുവിന്റെയും ഗീതാനന്ദന്റെയും നേതൃത്വത്തിൽ നൂറുകണക്കിനാളുകൾ മുത്തങ്ങ വന്യജീവിസങ്കേതം കൈയേറി, ഒന്നരമാസം കൈവശം വെക്കുകയും സർക്കാർ കുറ്റകരമായ നിസ്സംഗത പുലർത്തുകയും ചെയ്തു. ആദിവാസി ഭൂസമരത്തിന്റെ മറവിൽ വന്യജീവികളുടെ അവസാനത്തെ അഭയകേന്ദ്രവും കയ്യടക്കി അവയെ ഉൻമൂലനം ചെയ്യുന്നതിനെതിരെ വയനാട് പ്രകൃതിസംരക്ഷണസമിതി പ്രതികരിച്ചുവെങ്കിലും സർക്കാർ കണ്ടില്ലെന്നു നടിച്ചു. ജാനുവിന്റെ കയ്യേറ്റസമരത്തിൽ പങ്കെടുത്താൽ 5 ഏക്കൽ വനഭൂമി പതിച്ചുകിട്ടുമെന്ന ഉറപ്പിൽ വിശ്വസിച്ച് ഇറങ്ങിപ്പുറപ്പെട്ട പാവപ്പെട്ട ആദിവാസികളെ മുന്നിൽ നിർത്തി ഏതൊക്കെയോ ഗൂഢശക്തികൾ കളം ഭരിച്ചു. കയ്യേറ്റക്കാർ മുത്തങ്ങ വനത്തിന് ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുകയും സ്വന്തം ഭരണവ്യവസ്ഥകൾ നടപ്പാക്കുകയും ചെയ്തു. വന്യജീവികളെ മാത്രമല്ല, നൂറ്റാണ്ടുകളായി ഈ വനമേഖലയെ മാത്രം ആശ്രയിച്ച് ജീവിച്ചുവന്ന തദ്ദേശീയരായ ആദിവാസികളെപ്പോലും സ്വന്തം മണ്ണിൽ ഉപരോധിച്ചു. ചില സാംസ്ക്കാരിക പ്രവർത്തകരും മാധ്യമപ്രവർത്തകരും ഇതിനെല്ലാം പിന്തുണയും പ്രേരണയുമായി സജീവമായി രംഗത്ത് നിലകൊണ്ടു. സ്വയംഭരണത്തിന്റെ വീഞ്ഞ് കുടിക്കുകയും കുടിപ്പിക്കുകയും ചെയ്തു.

ഗോത്രരാജ്യത്തിന്റെ ഭ്രൂണാവസ്ഥയിൽത്തന്നെ സെക്യൂരിറ്റി ഫോഴ്സും കോടതിയും ജയിലും നിലവിൽ വന്നു. സ്വാഭാവിക ഗതി എന്നപോലെ സമരം പൂർണ്ണമായും ഹിംസയിലേക്ക് വഴിമാറിപ്പോവുകയും ചെയ്തു. വന്യജീവികളെയും തദ്ദേശീയ ആദിവാസികളെയും ദ്രോഹിക്കുന്നത് കണ്ടില്ലെന്ന് നടിച്ച ഭരണകൂടം അവനവന് നൊന്തപ്പോൾ നിഷ്ഠൂരമായിത്തന്നെ സമരത്തെ നേരിട്ടു. ആദിവാസി സ്ത്രീകളും കുഞ്ഞുങ്ങളും വരെ ബലപ്രയോഗത്തിനും അറസ്റ്റിനും വിധേയരായി. കൊടിയ യാതനകൾക്കിരയായി. ദുഃഖവും നടുക്കവും കൊണ്ട് സമൂഹമനസ്സാക്ഷി വിറങ്ങലിച്ചുപോയി. ജൈവീയതയുടെ ഭാഗമായി മാനവികതയെ ഉയർത്തിപ്പിടിക്കുകയും, ആദിവാസിഗോത്രസമൂഹങ്ങളുടെ നിലനിൽപ്പിനെ മാനവരാശിയുടെ നിലനിൽപ്പ് തന്നെയായി നെഞ്ചേറ്റുകയും ചെയ്ത പ്രകൃതിസ്നേഹികളാണ് ഏറ്റവും കൂടുതൽ വ്യഥ അനുഭവിച്ചത്. അപ്പോഴും അശരണരായ മനുഷ്യരുടെ വിലാപങ്ങളെ ആഘോഷമാക്കി മാറ്റുകയാണ് ചിലർ. കൂട്ടത്തിൽ വയനാട് പ്രകൃതിസംരക്ഷണസമിതിയോടും അതിന്റെ പ്രവർത്തകരോടുമുള്ള പകപോക്കലിന് വേണ്ടി അസത്യപ്രചരണം നടത്തു

കയും ചെയ്തുകൊണ്ടിരിക്കുന്നു. കടുത്ത പ്രകൃതിനാശം മൂലവും പട്ടിണികൊണ്ടും ജീവച്ഛവങ്ങളായ സോമാലിയയിലെയും എത്യോപ്യയിലെയും ജനങ്ങളുടെ യാതനകൾ കണ്ടാസ്വദിക്കുന്നതിന് ചാർട്ടർ ചെയ്ത വിമാനങ്ങളിൽ പറക്കുന്ന പാശ്ചാത്യ ടൂറിസ്റ്റുകളെ അനുസ്മരിപ്പിക്കുംവിധം മുത്തങ്ങയിലേക്ക് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 'ഉല്ലാസയാത്രികർ' ഒഴുകിക്കൊണ്ടിരിക്കുകയാണിപ്പോൾ. ഈ സാഹചര്യത്തിൽ മുത്തങ്ങ സംഭവങ്ങളുമായി ബന്ധപ്പെട്ട വസ്തുതകളും പ്രകൃതിസംരക്ഷണസമിതിയുടെ നിലപാടുകളും സുഹൃത്തുക്കളെ അറിയിക്കണമെന്ന് ഞങ്ങളാഗ്രഹിക്കുന്നു.

## അന്യാധീനപ്പെട്ട ഭൂമിക്ക് വേണ്ടിയുള്ള ആദിവാസികളുടെ സമരം

ബ്രിട്ടീഷ് അധിനിവേശം തൊട്ട് ഇന്ത്യയിലെവിടെയും ആദിവാസി ഗോത്രങ്ങൾ അവരുടെ സ്വന്തം മണ്ണിൽ നിന്ന് കുടിയിറക്കപ്പെടുകയായിരുന്നു. വ്യാവസായിക വിപ്ലവത്തിന് ശേഷം വെള്ളക്കാരുടെ അധിനിവേശം നടന്ന എല്ലാ രാജ്യങ്ങളിലും ഇത് സംഭവിച്ചിട്ടുണ്ട്. കേരളത്തിലും ആദ്യം തോട്ടവൽക്കരണത്തിന്റെയും പിന്നീട് വനങ്ങൾ റിസർവായി പ്രഖ്യാപിച്ചതിന്റെയും ഫലമായി ആദിവാസികൾക്ക് സ്വന്തം ഭൂമി അന്യമായിത്തീർന്നു. ഈ ചരിത്രവസ്തുതകൾ നിലനിൽക്കുമ്പോഴും ആദിവാസിയെ സംബന്ധിച്ച് ഭൂപ്രശ്നം ഒരു ജീവൽപ്രശ്നമായി മാറിയിരുന്നില്ല. രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത പട്ടാളക്കാർക്ക് വേണ്ടിയുള്ള കോളനൈസേഷൻ സ്കീം നടപ്പാക്കുകയും അതോടൊപ്പം വൻതോതിൽ കുടിയേറ്റം ആരംഭിക്കുകയും ചെയ്തതോടെ ഭൂമിയിൽ അവശേഷിച്ചിരുന്ന ആദിവാസികളുടെ അധികാരവും അവകാശങ്ങളും നഷ്ടപ്പെട്ടു. ആദിവാസിഗോത്രസമൂഹങ്ങളുടെ രക്ഷക്ക് വേണ്ടി കേന്ദ്രതലത്തിലും സംസ്ഥാനതലങ്ങളിലും ആദിവാസി ഭൂമിക്കൈമാറ്റത്തിനെതിരെയും അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്ത് നൽകുന്നതിന് വേണ്ടിയും നിയമനിർമ്മാണം നടന്നു. ഇതു പ്രകാരമാണ് കേരള നിയമസഭയും 1975-ൽ ഐക്യകണ്ഠേന നിയമം പാസാക്കിയത്. അന്യാധിനപ്പെട്ട ഭൂമി തിരിച്ചു പിടിച്ചുകൊടുത്തില്ല എന്ന് മാത്രമല്ല, തുടർന്നും ആദിവാസികളുടെ ഭൂമി പലതരത്തിലും കൈമാറ്റം ചെയ്യപ്പെടുകയും അന്യാധീനപ്പെടുകയും ചെയ്തു.

1980-ന് ശേഷം നിയമം നടപ്പാക്കിക്കിട്ടുന്നതിന് വേണ്ടിയുള്ള ശ്രമങ്ങളും പ്രക്ഷോഭങ്ങളും ആദ്യം അട്ടപ്പാടിയിലും തുടർന്ന് വയനാടുൾപ്പെടെയുള്ള പ്രദേശങ്ങളിലും രൂപപ്പെട്ടു. വയനാട് പ്രകൃതിസംരക്ഷണ സമിതി ഈ പ്രക്ഷോഭങ്ങളുടെ മുന്നിൽതന്നെ നിലകൊണ്ടിട്ടുണ്ട്. അന്യാധീനപ്പെട്ട ആദിവാസിഭൂമിക്ക് വേണ്ടിയുള്ള സമരം ശക്തിപ്പെട്ടുവന്ന ഘട്ടത്തിലാണ് ചില സന്നദ്ധസംഘടനകൾ ആദിവാസി ഭൂമി കൈവശപ്പെടുത്തിയ കുടിയേറ്റക്കാരിൽ നിന്ന് തിരിച്ച് പിടിച്ച് നൽകുന്നതിന് പകരം വനഭൂമി കൈയേറുന്നതിലേക്ക് സമരത്തിന്റെ ഗതി മാറ്റുന്നത്. ഈ ഗതിമാറ്റത്തിനു പിന്നിൽ പ്രവർത്തിച്ച

വിദേശഫണ്ട് വാങ്ങുന്ന സന്നദ്ധസംഘടനകൾ വളർത്തിക്കൊണ്ട് വന്ന ഒരു നേതാവായിട്ടാണ് സി. കെ. ജാനുവിനെ സമിതി കണ്ടിട്ടുള്ളത്. എങ്കിലും പ്രക്ഷോഭരംഗത്തേക്ക് വന്ന ഒരു ആദിവാസി സ്ത്രീ എന്ന നിലയിൽ സമിതി അവരെ മാനിക്കുന്നു. ആദിവാസി ഗോത്രമഹാസഭയുടെ ബാനറിൽ ജാനു തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിന് മുന്നിൽ 48 ദിവസം കുടിൽ കെട്ടി സമരം നടത്തിയപ്പോഴും ഈ സമരം സംഘടിപ്പിച്ചതിന് പിന്നിലുള്ള ശക്തികളെക്കുറിച്ചും ഫണ്ടിനെക്കുറിച്ചും സമിതിക്ക് സംശയങ്ങളുണ്ടായിരുന്നുവെങ്കിലും പ്രതിരോധങ്ങളൊക്കെയും കെട്ടടങ്ങിപ്പോയ കേരളീയ സമൂഹത്തിൽ ആദിവാസികളുടെ പ്രക്ഷോഭം ഉയർന്നുവന്നതിൽ സമിതി സന്തോഷിക്കുകയാണുണ്ടായത്. സർക്കാർ ആദിവാസി സമരനേതാക്കളുമായി ഉണ്ടാക്കിയ കരാർ നടപ്പാക്കണം എന്ന് തന്നെയാണ് സമിതിയുടെ നിലപാട്. സർക്കാരിന് ആത്മാർത്ഥതയും ഇച്ഛാശക്തിയുമുണ്ടായിരുന്നുവെങ്കിൽ വനഭൂമിയിൽ കൈവെക്കാതെ തന്നെ കരാർ നടപ്പാക്കാമെന്നും സമിതി വിശ്വസിക്കുന്നു.

## മുത്തങ്ങ കൈയേറ്റം

സർക്കാർ കരാർ പാലിച്ചില്ല എന്നതിന്റെ പ്രതിഫലനമായിട്ടാണെന്ന് പറയുന്നു സി.കെ. ജാനുവും കൂട്ടരും മുത്തങ്ങ വന്യജീവിസംരക്ഷണകേന്ദ്രം കൈയേറിയത്. ഒരു ഗൂഢപദ്ധതി നടപ്പാക്കുന്ന രഹസ്യസ്വഭാവത്തോടെയുള്ള ഈ കൈയേറ്റം ദൂരവ്യാപകമായ വിപരീതഫലങ്ങളുളവാക്കുമെന്ന് സമിതി വിലയിരുത്തിയതാണ്. സമരത്തിന്റെ ആദ്യദിവസം തന്നെ സമിതിപ്രവർത്തകർ കൈയേറ്റ സ്ഥലത്ത് ചെന്ന് ജാനുവിനെയും ഗീതാനന്ദനെയും കാണുകയും വന്യജീവിസംരക്ഷണകേന്ദ്രം ഒഴിഞ്ഞുപോകണമെന്ന് ആവശ്യപ്പെടുകയും ആദിവാസിപ്രശ്നങ്ങളോട് ഐക്യപ്പെടുന്ന സമിതിയുടെ നിലപാട് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഏതാനും ദിവസങ്ങൾക്ക് ശേഷമാണ് സമിതി പരസ്യമായി പ്രതികരിച്ചത്. അപ്പോൾ പോലും വന്യജീവി സങ്കേതത്തിന്റെ തന്ത്രപ്രധാനമായ ഒരു സ്ഥലം കൈയേറുന്നതിലൂടെ കരാർ നടപ്പാക്കുന്നതിൽ സർക്കാറിൽ സമ്മർദ്ദം ചെലുത്താനുള്ള ഉപായമായി മാത്രമേ സമിതി ഈ കൈയേറ്റത്തെ കണ്ടിരുന്നുള്ളൂ. എന്നാൽ വേനൽ ശക്തിപ്പെട്ടുവരുന്നതോട് കൂടി നൂറുകണക്കിനാളുകൾ വന്യജീവിസംരക്ഷണകേന്ദ്രത്തിൽ കുടിയേറുന്നതിന്റെ ഭവിഷ്യത്തുകൾ മുന്നിൽക്കണ്ടാണ് സമിതി വന്യജീവിസംരക്ഷണകേന്ദ്രം ഒഴിഞ്ഞുപോകണമെന്ന് ജാനുവിനോടും അല്ലാത്തപക്ഷം ഒഴിപ്പിക്കണമെന്ന് സർക്കാരിനോടും ആവശ്യപ്പെട്ടത്.

സമിതിയുടെ ഈ പ്രവർത്തനങ്ങളോട് ശത്രുതാപരമായിട്ടാണ് കൈയേറ്റക്കാരുടെ നേതൃത്വം പ്രതികരിച്ചത്. പശ്ചിമഘട്ടമലനിരകളുടെ പാരിസ്ഥിതിക തകർച്ചക്ക് കാരണക്കാരായ ബിർള, ബജാജ് തുടങ്ങിയ കുത്തകകളിൽ നിന്ന് സാമ്പത്തിക സഹായം സ്വീകരിച്ച് നടത്തിയ പശ്ചിമഘട്ട രക്ഷായാത്രയെ എതിർത്തത് മുതൽ പ്രകൃതിസംരക്ഷണസമിതിയോട് പകയും വിദ്വേഷവും വച്ചുപുലർത്തുന്ന 'സാംസ്ക്കാരിക പ്രഭുക്കന്മാരുടെ' ശത്രുത ഇതോടെ മറ

നീക്കി പുറത്തുവരികയും ചെയ്തു. പ്രകൃതിസംരക്ഷണസമിതി ഒരു കടലാസ് സംഘടന മാത്രമാണെന്നും വനംവകുപ്പിന് വേണ്ടി നിലകൊള്ളുന്നതാണെന്നും മറ്റും പ്രചരണം അഴിച്ചുവിട്ടു. ഇവരെപ്പോലെ പരിസ്ഥിതിസംരക്ഷണപ്രവർത്തനങ്ങളുടെ ആഗോളനേതൃത്വം ചമയാനുള്ള മോഹമോ, ആരിൽ നിന്നെങ്കിലും ഫണ്ട് തരപ്പെടുത്താനുള്ള ദാഹമോ ഇല്ലാത്തതിനാൽ സമിതിയുടെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കാനോ പ്രദർശിപ്പിക്കാനോ ശ്രമിച്ചിട്ടില്ല. എന്നാൽ സിവിക് ചന്ദ്രന്റെ പത്രാധിപത്യത്തിൽ ഇറങ്ങിയിട്ടുള്ള 'വാക്ക്' മാസികയിൽ (മാർച്ച് 87) "ജനകീയ പ്രതിരോധപ്രവർത്തനങ്ങളുടെ പൊതുപ്രശ്ന പരിസരം ബോധ്യപ്പെട്ടിട്ടുള്ള വ്യത്യസ്ത സംഘങ്ങളെ" പരിചയപ്പെടുത്തുന്ന പരമ്പരയിൽ നാലാമത്തേത് ആയി വയനാട് പ്രകൃതിസംരക്ഷണ സമിതിയെ പരിചയപ്പെടുത്തിയിട്ടുണ്ട്(അനുബന്ധം കാണുക). സ്വാഭാവികവനങ്ങൾ വെട്ടി മാറ്റി യൂക്കാലിപ്റ്റസ് തോട്ടമുണ്ടാക്കുന്ന വനംവകുപ്പിന്റെ നടപടിക്കെതിരെ നൂൽപ്പുഴയിൽ ഉയർന്നുവന്ന ബഹുജനപ്രക്ഷോഭത്തിന്റെ തുടർച്ചയായാണ് സമിതി രൂപംകൊണ്ടത്. വനനശീകരണത്തിനും യൂക്കാലിപ്റ്റസ് വ്യാപനത്തിനുമെതിരെ സമിതി നടത്തിയ പ്രചരണങ്ങളും പ്രതിരോധങ്ങളും ആർക്കും തമസ്ക്കരിക്കാൻ കഴിയുകയില്ല.

1985-ൽ ഒരു പദയാത്രയുടെ ഭാഗമായി സമിതി പ്രസിദ്ധീകരിച്ച ലഘുലേഖയിൽ നിന്ന് (മനുഷ്യന്റെ നിലനിൽപ്പിന് കാട് സംരക്ഷിക്കുക, പേജ് 20) "യൂക്കാലിപ്റ്റസ്, തേക്ക് തോട്ടങ്ങൾ റൊട്ടേഷൻ കഴിയുന്നതോടെ സ്വാഭാവികവനങ്ങളായി പരിവർത്തിപ്പിക്കണം. ഇത് മൂലം ധാരാളം ആദിവാസികൾക്ക് തൊഴിൽ കണ്ടെത്താൻ കഴിയും. മരിച്ചുപോയ ഉറവകൾ പുനർജ്ജനിക്കുമ്പോൾ വയലുകൾ വീണ്ടും ഉണരും." 1980 മുതൽ യൂക്കാലിപ്റ്റസ് വെച്ചുപിടിപ്പിച്ചതും സമീപവർഷങ്ങളിലായി യൂക്കാലിപ്റ്റസ് ഒഴിവാക്കി സ്വാഭാവിക വനം തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുന്നതുമായ സ്ഥലമാണ് ജാനുവും കൂട്ടരും കൈയേറി തരിശുഭൂമിയാണെന്ന് വാദിക്കുന്നത്. 1990-ന് മുമ്പ് ഈ പ്രദേശമുൾപ്പെടെയുള്ള ഒരു ലക്ഷം ഏക്കർ വനഭൂമി വനാശ്രിത വ്യവസായങ്ങൾക്ക് പാട്ടത്തിന് കൊടുക്കാൻ സർക്കാർ തീരുമാനമെടുത്തപ്പോൾ ചെറുത്തുനിന്നത് സമിതിയാണ്. സമിതി കേരളത്തിലുടനീളം പ്രചരണം നടത്തി. കുത്തക വ്യവസായികൾക്കും ടൂറിസത്തിനും വേണ്ടി വനഭൂമി അന്യാധീനപ്പെടുത്തുന്നതിനെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിച്ചു. പ്രക്ഷോഭങ്ങളുടെ ഭാഗമായി സമിതി പ്രസിദ്ധീകരിച്ച "ഈ മണ്ണ് തീറെഴുതുന്നതിന് മുൻപ്' എന്ന ലഘുലേഖ പരിശോധിക്കാവുന്നതാണ്. സമിതിയുടെ പ്രവർത്തനഫലമായിക്കൂടി വനഭൂമിയായി അവശേഷിച്ച പ്രദേശമാണ് ഗോത്രമഹാസഭ കൈയ്യേറി രാജ്യം സ്ഥാപിച്ചിട്ടുള്ളതും യൂക്കാലിപ്റ്റസ് മാത്രം തിന്നു വളർന്ന ആളുകളെ കൂട്ടുപിടിച്ച് സമിതിയെ വിചാരണചെയ്യാൻ പുറപ്പെട്ടതും.

മുത്തങ്ങ കൈയേറ്റം ഒഴിപ്പിക്കുന്നതിൽ സർക്കാർ കടുത്ത അനാസ്ഥ തുടരുകയും ഗോത്രമഹാസഭ സ്വയംഭരണം പ്രഖ്യാപിച്ച് മുന്നോട്ട് പോകാൻ ഒരുങ്ങുകയും ചെയ്ത സാഹചര്യത്തിൽ സമിതി എതിർപ്പും ശക്തമാക്കി

യിട്ടുണ്ട്. കോഴിക്കോട്ടും തിരുവനന്തപുരത്തും പത്രസമ്മേളനം നടത്തി കാര്യങ്ങൾ വിശദീകരിക്കുകയും അധികൃതസ്ഥാനങ്ങളിലേക്ക് നിവേദനങ്ങൾ സമർപ്പിക്കുകയും, പരിസ്ഥിതി-സാംസ്ക്കാരിക രംഗത്തെ പ്രമുഖരുടെ അഭിപ്രായരൂപീകരണം നടത്തുകയും, ഹൈക്കോടതിയിൽ കേസ് കൊടുക്കുകയും ചെയ്തു.

## ഈ പ്രവർത്തനങ്ങൾക്ക് സമിതിയെ പ്രേരിപ്പിച്ച പ്രധാനകാരണങ്ങൾ

1. കൈയേറ്റം നടന്നിട്ടുള്ളത് വന്യജീവികളുടെ അഭയകേന്ദ്രത്തിലാണ്. ഇത് നീലഗിരി ജൈവമേഖലയുടെ മർമ്മകേന്ദ്രമാണ്. പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് ലോകത്തിലെ 24 ഹോട്ട് സ്പോട്ടുകളിലൊന്നായി മുത്തങ്ങ കാടുകൾ പരിഗണിക്കപ്പെടുന്നു. മുതുമല, ബന്ദിപ്പൂർ എന്നിവ ചേർന്ന സംഗമകേന്ദ്രവുമാണിത്. അതുകൊണ്ടുതന്നെ ഈ കൈയേറ്റം എതിർക്കപ്പെടേണ്ടതാണ്.

2. വിഭവങ്ങൾക്ക് വേണ്ടി വന്യജീവികളും മനുഷ്യരും തമ്മിൽ സംഘർഷം രൂക്ഷമായിട്ടുള്ള ഒരു സങ്കേതമാണ് വയനാട്. ഇതിന്റെ ഫലമായി ധാരാളം വന്യജീവികളും മനുഷ്യരും കൊല്ലപ്പെട്ടിട്ടുണ്ട്. ഈ സംഘർഷത്തിനിടയിലേക്ക് ആയിരക്കണക്കിനാളുകളെ പുറത്ത് നിന്ന് കുടിയേറ്റുന്നത് വമ്പിച്ച സാമൂഹ്യ-പാരിസ്ഥിതിക പ്രത്യാഘാതമുണ്ടാക്കും. കയ്യേറ്റക്കാരും അനുകൂലികളും പറയുന്നതുപോലെ ഇത് തരിശുഭൂമിയാണെന്ന് സമിതി അംഗീകരിക്കുന്നില്ല. വന്യജീവി ആവാസവ്യവസ്ഥകളെക്കുറിച്ചുള്ള അജ്ഞത എന്ന് സമിതി ഇതിനെ പുച്ഛിച്ചു തള്ളുക തന്നെയാണ്.

3. ആദിവാസി വനം നശിപ്പിക്കില്ല എന്ന വാദം ആദിവാസി സ്നേഹത്തിന്റെ പേരിൽ അംഗീകരിക്കാൻ തയ്യാറായാൽതന്നെയും ആദിവാസികളെ ഉപയോഗപ്പെടുത്തി നിക്ഷിപ്തതാത്പര്യക്കാർ ആനവേട്ടയും, ചന്ദനം കള്ളക്കടത്തും, ചാരായവാറ്റും, തടിവെട്ടും തുടങ്ങിയ വനനശീകരണപ്രവർത്തനങ്ങൾ നടത്തിവരുന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്. കഴിഞ്ഞ കുറച്ചുവർഷങ്ങൾക്കുള്ളിൽ മുത്തങ്ങ ഉൾപ്പെടുന്ന നൂൽപ്പുഴ പഞ്ചായത്തിൽ ചന്ദനം കള്ളക്കടത്തിനും ആനവേട്ടക്കും പ്രലോഭിപ്പിച്ച് കൊണ്ടുപോയ 22 ആദിവാസികൾ വെടിയേറ്റ് മരിക്കുകയോ കാണാതാവുകയോ ചെയ്തിട്ടുണ്ട്. ഇപ്പോൾ കൈയേറിയിട്ടുള്ള സ്ഥലം കർണ്ണാടക തമിഴ്നാട് അതിർത്തികളോട് ചേർന്നുകിടക്കുന്നതും ഈ അർത്ഥത്തിൽ വളരെ പ്രാധാന്യമുള്ളതുമാണ്. കാൽ നൂറ്റാണ്ടിനുശേഷം ഇപ്പോൾ വൈൽഡ് ലൈഫ് ട്രേഡ് ലോകത്ത് മയക്കുമരുന്നു കഴിഞ്ഞാൽ രണ്ടാം സ്ഥാനത്ത് വരുന്ന അനധികൃത ഏർപ്പാടാണ്.

4. തരിശാക്കപ്പെട്ട വനഭൂമി ആയത്കൊണ്ടാണ് മുത്തങ്ങയിൽ കുടിയേറിയത് എന്നാണ് പറയുന്നത്. ഇതേ നിലയിലുള്ള വനഭൂമി ജാനുവിന്റെ വാസസ്ഥലത്തിന് അടുത്ത് തിരുനെല്ലി പഞ്ചായത്തിലെ തെറ്റ് റോഡ്, അപ്പ

പ്പാറ തുടങ്ങിയ പ്രദേശങ്ങളിലും വയനാടിന്റെ ഇതരമേഖലകളിലും ധാരാള മുണ്ട്. മുത്തങ്ങയെക്കാൾ കൃഷിയോഗ്യവും വാസയോഗ്യവുമാണ് ഈ പ്രദേ ശങ്ങൾ. അതൊഴിവാക്കി മുത്തങ്ങ തിരഞ്ഞെടുത്തതിന്റെ ഉദ്ദേശം ഈ പ്രദേ ശത്തിന്റെ തന്ത്രപ്രാധാന്യമാണ് എന്ന് ഞങ്ങൾ കരുതുന്നു. ഗീതാനന്ദനെ പ്പോലുള്ള ആദിവാസികളല്ലാത്തവരുടെയും അന്യദേശക്കാരുടെയും സാന്നിദ്ധ്യവും സ്വയംഭരണപ്രഖ്യാപനവും ജനങ്ങളുടെ സംശയങ്ങൾ ബല പ്പെടുത്തുന്നതാണ്.

5. കൈയ്യേറ്റ സ്ഥലത്ത് വന്യമൃഗങ്ങളൊന്നുമില്ല, എന്ന് കൈയ്യേറ്റ ക്കാരും അവർക്ക് വേണ്ടി വസ്തുതാന്വേഷണപഠനത്തിന് വന്നവരും പ്രചരി പ്പിക്കുന്നത് ശുദ്ധനുണയാണ്. വംശനാശഭീഷണി നേരിടുന്ന ഏഷ്യൻ ആന കളുടെ അവശേഷിക്കുന്ന ഏറ്റവും നല്ല ആവാസസ്ഥാനങ്ങളിലൊന്നാണ് ഈ വനമേഖല. കൂടാതെ മാനുകളും മറ്റു വന്യമൃഗങ്ങളും ധാരാളം അധിവസി ക്കുന്നതുമാണ്. ആനകളുടെ അധിവാസമേഖലകളിൽ വനങ്ങളുടെ തുടർച്ച യറ്റു പോകുന്നതാണ് ഏറ്റവും വലിയ ഭീഷണികളിലൊന്ന്. ഇപ്രകാരം തുടർച്ച യറ്റുപോയ വനങ്ങളെ സംയോജിപ്പിക്കാനുള്ള പദ്ധതികൾ ഏഷ്യൻ ആനക ളുടെ സംരക്ഷണത്തിനായി നടന്നുവരികയാണ്. ഈ അവസരത്തിലാണ് പരമ്പരാഗത ആനത്താരകൾ മുഴുവൻ കൈയടക്കി വന്യമൃഗങ്ങൾക്ക് പ്രശ്ന മുണ്ടാക്കുന്നില്ല എന്ന് വാദിക്കുന്നത്.

6. വയനാട് വന്യജീവിസംരക്ഷണകേന്ദ്രത്തിനുള്ളിൽ നൂറ്റാണ്ടുക ളായി ഭൂമി കൈവശം വെച്ച് ജീവിച്ച് വരുന്ന 89 സെറ്റിൽമെന്റുകളിലെ ആദി വാസികൾ അടക്കമുള്ള ആയിരക്കണക്കിന് താമസക്കാർ വന്യമൃഗങ്ങളുമാ യുള്ള സംഘർഷം കാരണം വനത്തിന് പുറത്തേക്ക് മാറിത്താമസിക്കാൻ തയ്യാ റായിരിക്കുന്നു. അതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. ആദിവാ സികൾ വനത്തിന്റെ ഭാഗമായി ജീവിച്ചോളുമെന്ന് പട്ടണങ്ങളിലിരുന്ന് നട ത്തുന്ന പ്രഘോഷണങ്ങൾക്കും അഭിമുഖങ്ങൾക്കും യാഥാർത്ഥ്യവുമായി ഒരു ബന്ധവുമില്ല. പട്ടണവത്ക്കരിക്കപ്പെട്ട മോഹങ്ങൾ ആദിവാസികൾക്ക് മാത്ര മായി നിഷേധിക്കുന്നത് നീതിയല്ല. വിദ്യാഭ്യാസ സൗകര്യങ്ങൾ, ആരോഗ്യപ രിപാലനം, യാത്രാസൗകര്യങ്ങൾ, ജീവനും സ്വത്തിനും വന്യജീവികളിൽ നിന്നുള്ള സംരക്ഷണം, ഇവയൊക്കെ തീർച്ചയായും ആദിവാസികളുടെ അവ കാശം തന്നെയാണ്. മാറ്റിപ്പാർപ്പിക്കലിന് സന്നദ്ധരായ ഒരു ജനതയെ മറിക ടന്ന് അതിന്റെയും ഉള്ളിലുള്ള വനത്തിലാണ് പുതിയ കൈയ്യേറ്റം നടത്തിയി ട്ടുള്ളത്.

7. ആദിവാസികൾ കുടിയിറക്കപ്പെട്ടത് അവർ പരമ്പരാഗതമായി കൈവശം വച്ചനുഭവിച്ചുവരുന്ന പൈതൃകഭൂമിയിൽ നിന്നാണെന്ന തെറ്റായ പ്രചരണം ബോധപൂർവ്വം ഉയർത്തിക്കൊണ്ടുവന്നിട്ടുണ്ട്. അനാദികാലം മുതൽ വന്യജീവികൾ സ്വൈരവിഹാരം നടത്തിവരുന്ന ഒരാവാസകേന്ദ്രത്തിലാണ് കൈയ്യേറ്റം നടന്നിട്ടുള്ളത്. ഇത്തരം കൈയ്യേറ്റങ്ങൾ ആരു നടത്തിയാലും

അതൊഴിപ്പിക്കുക തന്നെ വേണമെന്ന് ഞങ്ങൾ ഉറപ്പിച്ചു പറയുന്നു. ഫണ്ടഡ് ഏജൻസികളും ഉത്സാഹകമ്മിറ്റികളും ആവശ്യപ്പെട്ടതുപോലെ ആദിവാസിയായ ജാനുവിനും ആദിവാസിയല്ലാത്ത ഗീതാനന്ദനും ഇടുക്കിയിലേയും നെടുമങ്ങാട്ടേയും കോട്ടത്തേയും പ്രസീഡിയം മെമ്പർമാർക്കും നിയമാനുസൃത പട്ടയം മുത്തങ്ങയിൽ നൽകിയിരുന്നെങ്കിൽ നാളിതേവരെയുള്ള വനം കൈയേറ്റങ്ങൾക്കു മുഴുവൻ നിയമസാധുത നൽകേണ്ടുന്ന അവസ്ഥ സംജാതമാകുകയും ഒരു തുണ്ട് വനഭൂമി പോലും ശേഷിക്കാത്ത വിധം വനം കൈയ്യേറ്റം വ്യാപകമാവുകയും ചെയ്യുമായിരുന്നു.

8. എല്ലാറ്റിനുമുപരി നാളിതുവരെയുള്ള ആദിവാസി വികസനത്തിന്റെ ഗതി ഈ കുടിയേറ്റത്തിനും ഉടനെ സംഭവിക്കും. ഭൂമി മൊത്തമായി പതിവുപോലെ മറ്റാളുകൾക്ക് തീറെഴുതപ്പെടുകയോ, കൃഷിയിറക്കാനും വിളവെടുക്കാനുമുള്ള അവകാശം കുടിയേറ്റക്കാരുടെ ജന്മാവകാശമായി മാറുകയോ ചെയ്യും. പാവപ്പെട്ട ആദിവാസിയെ വീണ്ടും ആനവേട്ടക്കും, ചന്ദനം കള്ളക്കടത്തിനും, ചാരായവാറ്റിനുമുള്ള ഉപകരണമാക്കും. 1975-ലെ ഭൂനിയമത്തിന്റെ സത്ത ഭരണാധികാരികൾ തന്നെ ചോർത്തിക്കളയുകയും ജാനുവിനെപ്പോലുള്ള ആദിവാസിനേതാക്കളെ അതിനുപയോഗപ്പെടുത്തുകയും ചെയ്ത സാഹചര്യത്തിൽ ഇത് വളരെ പെട്ടെന്ന് സംഭവിക്കും.

## സ്വയംഭരണം സംബന്ധിച്ച്

ഇത്തരം സന്ദേഹങ്ങൾക്ക് ഗോത്ര മഹാസഭയും അവരുടെ കൈയ്യേറ്റത്തെ അനുകൂലിക്കുന്നവരും നൽകുന്ന ഏക മറുപടി ഭരണഘടനയുടെ ഷെഡ്യൂൾ 5 പ്രകാരമുള്ള സ്വയംഭരണ പ്രഖ്യാപനമാണ്. ജൈവീയതയുടെ മുകളിൽ മനുഷ്യൻ നടത്തുന്ന സ്വേഛയുടെ സ്ഥാപനം തന്നെയാണ് എല്ലാ ഭരണങ്ങളും. ഞങ്ങൾ 'പരിസ്ഥിതി മൗലികവാദികൾ' അതംഗീകരിക്കുകയും എല്ലാ ജനസമൂഹങ്ങൾക്കും ആദിവാസികൾക്ക് പ്രത്യേകിച്ചും സ്വയംഭരണത്തിനുള്ള അവകാശത്തെ സർവ്വാത്മനാ പിന്തുണക്കുകയും ചെയ്യുന്നു. എന്താണ് ഒരു ആദിവാസി സ്വയംഭരണപ്രദേശം എന്നതുകൊണ്ട് ഭരണഘടനയും ആദിവാസി ഉന്നമനം ലക്ഷ്യമാക്കുന്നവരും ഉദ്ദേശിക്കുന്നത്? അത് തദ്ദേശീയ ആദിവാസി സമൂഹങ്ങൾക്ക് ഭൂമിയിലും വനത്തിലും ജൈവവിഭവങ്ങളിലുമുള്ള അവകാശത്തിന്റെ പുനസ്ഥാപനമാണ്. അല്ലാതെ എൻ.ജി.ഒ. ഏജന്റുമാർ പറയുന്നതുപോലെ മറ്റൊരു രാജ്യമോ സ്വയംഭരണറിപ്പബ്ലിക്കോ അല്ല. ഭരണഘടനയുടെ 244-ാം വകുപ്പിന്റെ 5, 6 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്വയംഭരണാവകാശം ഇന്ന് വളരെയേറെ തെറ്റിദ്ധരിക്കപ്പെട്ട ഒന്നാണ്. അതാതിടങ്ങളിൽ ഗിരിവർഗ്ഗക്കാരുടെ സ്വാശ്രയത്തിലൂന്നിയ സ്വയംഭരണം, നീണ്ട ഭരണഘടനാപ്രക്രിയയുടെ ഭാഗമായി നിലവിൽ വരേണ്ടതാണ്. പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് തയ്യാറാക്കിയ വോട്ടർ പട്ടികയിൽ പേരുള്ളവരായിരിക്കണം, നിയമാനുസൃതമായി തെരഞ്ഞെടുപ്പു നടത്തി ഗ്രാമത്തലവനെ തെരഞ്ഞെടുത്തിരിക്കണം, അത് ഇന്ത്യൻ പ്രസിഡണ്ടിന്റെ അംഗീ

കാരത്തോടെ പാർലമെന്റ് സംസ്ഥാനനിയമസഭയ്ക്ക് അയച്ചുകൊടുത്ത് അംഗീകാരം നൽകണം എന്നെല്ലാം നിയമം അനുശാസിക്കുന്നുണ്ട്. അതുപോലെ അധികാരങ്ങളെ സംബന്ധിച്ചും ഷെഡ്യൂൾ അഞ്ചിലും ആറിലും പെടുന്ന പ്രദേശങ്ങൾ തമ്മിലും വൈജാത്യങ്ങളുണ്ട്. അതുകൊണ്ട് തന്നെ മുത്തങ്ങയിലെ സ്വയംഭരണപ്രഖ്യാപനം കേട്ട് ത്രില്ലടിക്കുന്ന 'സാംസ്ക്കാരിക സാമൂഹ്യ നായകർ' കഥയറിയാതെ ആട്ടം കാണുകയാണ്. സി. കെ. ജാ നുവും സിവിക് ചന്ദ്രനും ഗ്രോവാസുവും ചേർന്ന് സ്വയംഭരണ റിപ്പബ്ലിക്കുണ്ടാക്കിയിരിക്കുകയാണെന്ന് തെറ്റിദ്ധരിപ്പിച്ചാണ് 'അന്യരാജ്യമായ' കേരളത്തിലെ വനംജീവനക്കാരേയും 'ശത്രുരാജ്യത്തെ' തദ്ദേശീയരായ ആദിവാസികളേയും ബന്ദികളാക്കി, ദുരന്തം ക്ഷണിച്ചുവരുത്താൻ ആദിവാസി ഗോത്രസഭാരാജ്യത്തിലെ പ്രജകൾക്ക് പ്രേരണ നൽകിയത്.

ഗോത്രമഹാസഭയുടെ കണക്കിൽ കേരളത്തിന്റെ എല്ലാഭാഗങ്ങളിൽ നിന്നുമായി ആയിരത്തി ഇരുന്നൂറ് കുടുംബങ്ങൾ ഉൾപ്പെടുന്ന കൈയ്യേറ്റക്കാരിൽ മുത്തങ്ങവനത്തിനുചുറ്റുമുള്ള പൊൻകുഴി, തകരപ്പാടി, ആലത്തൂർ, മന്മഥമൂല, മുത്തങ്ങ, മൈക്കര, കുമിഴി, ചുക്കാലി, ക്കുനി എന്നീ ഗ്രാമങ്ങളിൽ നിന്നുമുള്ള ഒരൊറ്റ ആദിവാസിയുമില്ല. ഇവരൊക്കെ സ്വയംഭരണത്തിന് പുറത്തും സ്വയംഭരണക്കാരാൽ പീഢിപ്പിക്കപ്പെട്ട നിലയിലുമാണ്. 150-ൽപ്പരം ആദിവാസി സെറ്റിൽമെന്റുകളുള്ള നൂൽപ്പുഴ പഞ്ചായത്തിൽ നിന്ന് വിരലിലെണ്ണാവുന്ന കുടുംബങ്ങളെ കൈയ്യേറ്റക്കാരിൽ ഉൾപ്പെട്ടിട്ടുള്ളൂ. വനവുമായി എന്നും ജൈവബന്ധം നിലനിർത്തിയവരും വനവിഭവങ്ങളുടെ ഏറ്റവും വലിയ അവകാശികളുമായ കാട്ടുനായ്ക്കനും, ബെട്ടക്കുറുമനും, മുള്ളുക്കുറുമനും ഈ കൂട്ടത്തിൽ ഇല്ല. വന്യജീവികൾക്കെന്നപോലെ ഗോത്രവർഗ്ഗസമൂഹങ്ങൾക്കും അവരുടെ വ്യാപനത്തിന് ചില പ്രകൃതിരീതികളുണ്ട്. വയനാട്ടിൽത്തന്നെ അടിയരും കുറിച്ച്യരും പനമരം പുഴയുടെയും കബനിയുടെയും തീരത്തിന് തെക്കോട്ട് വ്യാപിച്ചിട്ടില്ല. മുള്ളുക്കുറുമൻ വടക്കേ വയനാട്ടിൽ അധിവാസം ഉറപ്പിച്ചിട്ടില്ല. കേരളത്തിന്റെ പല ഭാഗങ്ങളിൽ നിന്നായി പിടിച്ചുകൊണ്ടുവന്ന് മുത്തങ്ങ വന്യജീവികേന്ദ്രത്തിൽ കുടിയിരുത്തിയ ആളുകൾ, മുത്തങ്ങയിൽ ആദിവാസി സ്വയംഭരണം പ്രഖ്യാപിക്കുന്നത് നീതീകരണമില്ലാത്തതാണ്. അതിനുള്ള അവകാശവും അധികാരവും മുത്തങ്ങയിലും പരിസരപ്രദേശങ്ങളിലുമുള്ള ആദിവാസികൾക്ക് മാത്രമാണ്.

ഭരണഘടന ഷെഡ്യൂർ 5 പ്രകാരം ആദിവാസി സ്വയംഭരണ പ്രഖ്യാപനത്തിനുള്ള അവകാശം അംഗീകരിച്ചിട്ടുള്ളത് ജനാധിപത്യത്തിന്റെ മഹത്തായ ചട്ടക്കൂടിനകത്ത് നിന്നുംകൊണ്ട് മാത്രമാണ് ഞങ്ങൾ നോക്കിക്കാണുന്നത്. മുത്തങ്ങയിൽ ആദിവാസി ഗോത്രമഹാസഭ പ്രഖ്യാപിക്കാൻ തുനിഞ്ഞ ആദിവാസിസ്വയംഭരണം ജനാധിപത്യത്തെ തന്നെ ആക്ഷേപിക്കലും അവഹേളിക്കലുമാണ്. 2വർഷം മുമ്പ് തിരുനെല്ലി പഞ്ചായത്തിൽ തിരഞ്ഞെടുപ്പിൽ മത്സരിച്ച് പരാജയപ്പെട്ട സി. കെ. ജാനു കേരളത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും പെറുക്കി കൂട്ടിയ ആളുകളെക്കൊണ്ട്, മുത്തങ്ങ വന്യജീവിസങ്കേതം കൈയ്യേ

റി. സ്വയംഭരണം പ്രഖ്യാപിച്ച്, സ്വയംതന്നെ രാഷ്ട്രത്തലവരാകുന്നത് ഒരു 'മുന്തിയ' ജനാധിപത്യരീതിയാണ്. ആദിവാസി കോളനികൾ വളഞ്ഞുവച്ചും ആട്ടിത്തെളിച്ചും പ്രലോഭിപ്പിച്ചും വോട്ടിന് കൊണ്ടുപോയി ജനാധിപത്യം ഉറപ്പാക്കുന്ന എല്ലാ രാഷ്ട്രീയപാർട്ടികൾക്കും മുത്തങ്ങയിലെ പുത്തൻ രീതി പരീക്ഷിക്കാവുന്നതാണ്.

ലോകത്തെവിടെയായാലും ആദിവാസി സമൂഹങ്ങളെ അവരുടെ മണ്ണിൽ നിന്ന് പറിച്ചെറിയുന്നത് പരിസ്ഥിതിവിരുദ്ധമാണ്. ആദിവാസികൾക്ക് കുടിയേറ്റക്കാരനാവാൻ കഴിയില്ലെന്നതുകൊണ്ടാണ് മനുഷ്യസ്നേഹികൾ കുടിയിറക്കിനെ എതിർത്തുവന്നിട്ടുള്ളത്. തിരുവനന്തപുരത്തുനിന്നും കണ്ണൂരിൽ നിന്നും മാനന്തവാടിയിൽ നിന്നും കേരളത്തിനുപുറത്തുനിന്നുപോലും ആദിവാസികളെ 'കുടിയിറക്കി' മുത്തങ്ങയിൽ കൈയ്യേറ്റക്കാരായി അവരോധിക്കുന്നത് ഈ നൈതികതയുടെ ലംഘനമാണ്.

ലോകത്ത് ഒരു ഗോത്രസമൂഹവും 'അന്യാധീനപ്പെട്ട ഭൂമിക്ക് പകരം ഭൂമി' എന്ന മുദ്രാവാക്യം മുഴക്കിയിട്ടില്ല. മറിച്ച് അവരുടെ നഷ്ടപ്പെട്ട പൈതൃകഭൂമി തന്നെ വേണമെന്നാണ് ആവശ്യപ്പെടുന്നത്. എന്നാൽ ഗോത്രമഹാസഭ അന്യാധീനപ്പെട്ട ഭൂമിക്ക് പകരം വന്യജീവി സങ്കേതം കൈയ്യേറുന്നതിലൂടെ ആദിവാസികളുടെ ധാർമ്മികതയും, സ്വത്വവും നഷ്ടപ്പെടുത്തുകയും 1975-ലെ ഭൂനിയമം അട്ടിമറിക്കുകയുമാണ് ചെയ്തത്.

## ദുരന്തത്തിന് ശേഷം

ഞങ്ങൾ വയനാട്ടിലെ പ്രകൃതിസ്നേഹികൾ നിലപാടുകളിൽ ഉറച്ചുനിൽക്കുന്നു. ആരെയൊക്കെ കൊല്ലണം, എത്രപേരെ കൊലക്ക് കൊടുക്കണം, ആര് ഒളിവിൽ പോകണം, ആര് കീഴടങ്ങണം ഇതൊക്കെ സമരം നടത്തുന്നവരും അവരെ സഹായിക്കാൻ ബാധ്യസ്ഥരായവരും തീരുമാനിക്കുന്നതാണ്. ഇതിലൊന്നും സമിതിക്ക് യാതൊരു പങ്കുമില്ല. ഈ സമരത്തിന്റെ പേരിൽ ഒരു തുണ്ട് ഭൂമിക്ക് വേണ്ടി ഇറങ്ങിത്തിരിച്ച ആദിവാസികളെ പീഢനത്തിന് വിട്ടുകൊടുത്തുകൂടാ. ആദിവാസി ഭൂപ്രശ്നം തമസ്ക്കരിക്കപ്പെട്ടുകൂടാ. ഭൂമി തട്ടിയെടുത്ത കുടിയേറ്റക്കാരനെയും അധികഭൂമി അന്യായമായി കൈവശം വെക്കുന്ന വൻകിട തോട്ടക്കാരനെയും വെറുതെവിട്ട് പാവം വന്യജീവികളെ മരണശിക്ഷയ്ക്ക് വിധിക്കാനും പാടില്ല.

മുത്തങ്ങയിൽ ഈ കൈയ്യേറ്റസമരം കൊണ്ട് പാവങ്ങളായ മനുഷ്യരുടെ ജീവൻ നഷ്ടമായിട്ടുണ്ട്. വന്യജീവികളുടെ കൂട്ടക്കുരുതി നടന്നിട്ടുണ്ട്, കാടുകൾ കത്തിയമർന്നിട്ടുണ്ട്, നിരപരാധികളുടെ ഒരുപാട് ചോര ഈ മണ്ണിൽ വീണിട്ടുണ്ട്. ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടത് ആന്റണി സർക്കാരും ആദിവാസികളെ മറയാക്കി അക്രമാസക്തസമരം നയിച്ച ഗോത്രമഹാസഭാ നേതാക്കളും "ബന്ദികളാക്കുകയല്ല, വെടിവെച്ചു കൊല്ലുകയാണ് വേണ്ടത്" എന്ന് ആഹ്വാനം നടത്തി അക്രമത്തിന് പ്രേരിപ്പിച്ച ചോരക്കൊതിയന്മാരുമാ

ണ്. ആദിവാസികളുമായി ചർച്ച നടത്തി സമാധാനപരമായി കുടിയിറക്കാൻ നേരത്തെ തന്നെ സർക്കാർ സന്നദ്ധമായിരുന്നെങ്കിൽ ഇത്രയും ദുരന്തങ്ങൾ ഉണ്ടാകുമായിരുന്നില്ല.

മുത്തങ്ങയിൽ പാവപ്പെട്ട ആദിവാസി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടന്ന ക്രൂരമായ പോലീസ് നടപടി അങ്ങേയറ്റം മനുഷ്യത്വഹീനവും ക്രൂരവുമാണെന്ന കാര്യത്തിൽ സംശയമില്ല. ഭരണകൂടത്തിനോ, ഭീകരപ്രവർത്തനങ്ങളെ അതിന്റെ ശരിയായ അർത്ഥത്തിൽ കാണുകയും ശക്തമായി പ്രതികരിക്കുകയും വേണം. എന്നാൽ പരമോന്നത സഭയായ അസംബ്ലിയിൽ മുത്തങ്ങയിലെ പോലീസ് വെടിവെപ്പിന് മുമ്പ്, ഒരു ചോദ്യം കൊണ്ട് പോലും സ്വന്തം മൗനം മുറിക്കാത്ത പ്രതിപക്ഷവും ഏറാൻ മൂളികളായ ഭരണപക്ഷവും ഇപ്പോൾ മുത്തങ്ങയിലെ ചോരകണ്ട് നാവുനുണയുന്നത് ആദിവാസികളോട് ചെയ്യുന്ന ക്രൂരതയും വഞ്ചനയുമാണെന്ന് നാം തിരിച്ചറിയണം. ആദിവാസികളുടെ ഭൂമിക്കും തൊഴിലിനും ജീവിക്കാനും വേണ്ടിയുള്ള അവകാശസമരങ്ങളെ കുഴിച്ചുമൂടാമെന്നാഗ്രഹിച്ചവരും തിരിച്ചറിയപ്പെടുകതന്നെ വേണം. മൂന്നാം ലോകരാജ്യങ്ങളിലെ എല്ലാ അവകാശസമരങ്ങളെയും ഹൈജാക്ക് ചെയ്യുകയും സാമ്രാജ്യത്വത്തിന് കാഴ്ചവെക്കുകയും ചെയ്യുന്ന ജോലി സമർത്ഥമായി ചെയ്യുന്നവരാണ് ഫണ്ടഡ് ഏജൻസികൾ. അവരൊരിക്കലും ആദിവാസികളുടെ യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കുകയില്ല. കേരളത്തിൽ ഇടതുപക്ഷം നയിക്കേണ്ട സമരങ്ങളാണ് ഇവർ സാമൂഹ്യപ്രവർത്തനമെന്ന പേരിൽ നടത്തുന്നതെന്ന് മറക്കരുത്. മത്സ്യത്തൊഴിലാളി സമരവും കർഷകരുടെ സമരവും സമർത്ഥമായി തകർത്തതുപോലെ ആദിവാസി സമരവും ഇവർ തകർത്തെറിയുമെന്നതിൽ സംശയമില്ല. മൂന്നാം ലോകരാജ്യങ്ങളിലെ അടിസ്ഥാനസാമ്പത്തിക മേഖലകൾ കയ്യടക്കുന്നതുവഴി ഭരണകൂടങ്ങളെ തന്നെ നിയന്ത്രിക്കുന്നവിധം ഫണ്ടഡ് ഏജൻസികൾ ശക്തിയാർജ്ജിച്ചുകൊണ്ടിരിക്കുകയാണ്. വയനാട് പോലെയുള്ള ആദിവാസിമേഖലകളാണ് ഇവരുടെ പ്രധാന പ്രവർത്തനമേഖല. മുത്തങ്ങ ദുരന്തത്തിന്റെ ഉത്തരവാദിത്തം സർക്കാരിനോടൊപ്പം ഫണ്ടഡ് ഏജൻസികളും അവരുടെ സാംസ്ക്കാരിക പൗരാവകാശവേതാളങ്ങളും ഭാവിയിൽ ഏറ്റെടുക്കേണ്ടിവരുമെന്നതിൽ സംശയമില്ല. ഫണ്ടിങ് ഏജൻസികളും മാധ്യമങ്ങളും ഉയർത്തിക്കൊണ്ടു വന്ന സി. കെ. ജാനുവിനെ സെക്രട്ടറിയേറ്റിലെ കുടിൽ കെട്ടൽ സമരത്തിലൂടെ എ. കെ. ആന്റണി റാഞ്ചിയപ്പോൾ, അവരെ വീണ്ടും റാഞ്ചാൻ മോഹഭംഗംവന്ന നക്സലൈറ്റുകളായ ഗ്രോവാസുവും സിവിക്കും ഗംഗാധരനും ഗീതാനന്ദനിലൂടെ നടത്തിയ ശ്രമങ്ങളും അതിനിടയിൽ ഫണ്ടിങ് ഏജൻസികളുടെ തിരിച്ചുപിടിക്കൽ ശ്രമങ്ങളുമാണ് മുത്തങ്ങയിൽ ചോരപ്പുഴയൊഴുക്കിയത്.

മുത്തങ്ങ വന്യജീവിസങ്കേതം കൈയ്യേറി പ്രഖ്യാപിക്കാനുദ്ദേശിച്ച സ്വയംഭരണപ്രദേശത്ത് 'വികസനം' നടപ്പാക്കുന്നതിനും പള്ളികളും സാംസ്ക്കാരിക നിലയങ്ങളും പണിയുന്നതിനും കോടിക്കണക്കിന് രൂപയുടെ വിദേശ ഫണ്ട് വാങ്ങാൻ ഇറങ്ങിത്തിരിച്ചവരുടെ പകയ്ക്കും വിദ്വേഷത്തിനും വലിയ

വില നൽകേണ്ടിവരുമെന്ന് ഞങ്ങൾക്ക് ബോധ്യമുണ്ട്. ഞങ്ങൾ പിൻമാറാൻ ഉദ്ദേശിക്കുന്നില്ല. സി. കെ. ജാനുവും എ. കെ. ആന്റണിയും തമ്മിലുണ്ടാക്കിയ കരാറിനപ്പുറം 1975-ലെ ആദിവാസി ഭൂനിയമം നടപ്പിലാക്കുന്നതിനു വേണ്ടിയും അതിജീവനത്തിനായും ആദിവാസികൾ നടത്തുന്ന പ്രക്ഷോഭ സമരങ്ങൾക്ക് മുമ്പിൽ ഇനിയും വയനാട് പ്രകൃതിസംരക്ഷണസമിതിയുണ്ടാവും. അതോടൊപ്പം വ്യാജ ആദിവാസി പ്രേമവുമായി നടക്കുന്ന, ആദിവാസികളുടെ അന്തകരായ ഫണ്ടഡ് ഏജൻസികളുടെ 'സാംസ്ക്കാരിക നായകരെ' തുറന്നുകാണിക്കാനുള്ള പ്രവർത്തനങ്ങൾ ശക്തമായി മുമ്പോട്ടു കൊണ്ടുപോവുകയും ചെയ്യും.

തോമസ്. അമ്പലവയൽ.
വയനാട് പ്രകൃതിസംരക്ഷണ സമിതി
സുൽത്താൻ ബത്തേരി, വയനാട് ജില്ല

## അനുബന്ധം

- വാക്ക് മാസിക (മാർച്ച് 87) യിൽ നിന്നും

"........ഓരോ മരം വീഴുന്നതും നിശ്ചയമായും വാർത്തയാവുന്ന ഒരു പ്രദേശമെങ്കിലും കേരളത്തിലുണ്ട്. നാലഞ്ചുവർഷമായി പ്രവർത്തിക്കുന്ന വയനാട് പ്രകൃതിസംരക്ഷണ സമിതിക്കാണ് ഇതിന്റെ ക്രെഡിറ്റ്. ഇവരുടെ നെറ്റ് വർക്ക് അത്രയും ദൃഢമാണ് എന്നല്ല ഇതിനർത്ഥം. തുടർച്ചയായ പ്രവർത്തനങ്ങളിലൂടെ പ്രാഥമികമായ ഹരിതബോധമെങ്കിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നാണ്.

81-ൽ നൂൽപ്പുഴയിൽ നടന്ന ക്ലിയർ ഫെല്ലിങ്ങിന്നെതിരായ ബഹുജനപ്രക്ഷോഭണമായിരുന്നു ഇതിന്റെ ആരംഭം. നൂൽപ്പുഴ വനസംരക്ഷണസമിതി പിന്നീട് ജില്ലാ വനസംരക്ഷണസമിതിയായി. 83-ലെ വരൾച്ചക്കാലത്ത് ബത്തേരിയിലെ ഒരു മരച്ചുവട്ടിൽവെച്ച് പ്രകൃതിസംരക്ഷണ സമിതി രൂപപ്പെടുകയും ചെയ്തു.

വടക്കെ വയനാട്ടിലെ മക്കിമല എസ്റ്റേറ്റിൽ 600 ഏക്കർ നിത്യഹരിതവനം അനധികൃതമായി മുറിച്ചു മാറ്റുന്നതിന്നെതിരെ സമിതി നടത്തിയ നിയമ നടപടികൾ മൂലം മരം മുറി മാത്രമല്ല, മുറിച്ചിട്ട മരം കൊണ്ടുപോകുന്നതും തടയാൻ കഴിഞ്ഞു. ചുരത്തിനു മുകളിൽ മീനാക്ഷി സുന്ദരം എസ്റ്റേറ്റിൽ മരം മുറിക്കാനിടയുണ്ടെന്ന സമിതിയുടെ മുന്നറിയിപ്പിനെ തുടർന്നാണ് ബ്രദർ ചാക്കോയുടെ നേതൃത്വത്തിൽ ജനകീയ പ്രതിരോധമുയർന്നത്. വനഭൂമി കപ്പ കൃഷിക്ക് കൊടുത്തുവന്നിരുന്ന ഡിപ്പാർട്ടുമെന്റ് നയം ശാശ്വതമായി തടഞ്ഞ ഇടപെടൽ സമിതിയുടേതായിരുന്നു. മക്കിയാട്ടെ 70 ഏക്കർ നിക്ഷിപ്ത വനഭൂമി സ്വന്തമാക്കാനുള്ള നിക്ഷിപ്ത നീക്കം തടഞ്ഞു. മാനന്തവാടിയിലെ പഞ്ചാരക്കൊല്ലിയിൽ 500 ഹെക്ടർ വനഭൂമി അനധികൃതമായി പട്ടയം നൽകി മരം മുറിച്ചു മാറ്റാനുള്ള നീക്കം ചെറുത്തു. തിരുനെല്ലിയിലെ സെലക്ഷൻ

ഫെല്ലിങിനെതിരെയും ഷേഡ് റെഗുലേഷൻ ആക്ടിന്റെ മറവിൽ എസ്റ്റേറ്റുക ളിലെ സ്വാഭാവിക മരങ്ങൾ വെട്ടിയിറക്കിക്കൊണ്ട് പോകുന്നതിന്നെതിരെയും സമിതി കാമ്പയിൻ നടത്തി. മലയാളം പ്ലാന്റേഷനുകളുടെ ഇടയിൽ കിട ക്കുന്ന 2500 ഹെക്ടർ ഭൂമി യൂക്കാലി കൃഷി ചെയ്യാനുള്ള നീക്കം തടയപ്പെട്ട തോടെയാണ് യൂക്കാലിപ്റ്റസ് വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് തിരികൊളുത്തപ്പെ ട്ടത്. സാമൂഹ്യവനവത്ക്കരണത്തിന്നെതിരായ ആദ്യ ശബ്ദമുയർന്നതും ഇതോ ടെത്തന്നെ. യൂക്കാലിപ്റ്റസ് ഒരു ചെകുത്താൻ ചെടിയാണെന്ന ശബ്ദം കേരള ത്തിൽ ആദ്യമായുയർന്നത് വയനാട്ടിൽ നിന്നായിരുന്നു.

അനധികൃതമായ ആന പിടുത്തത്തിനെതിരെ ഒരു കേസ് ചരിത്രത്തി ലാദ്യമായി കോടതിയിലെത്തിച്ചത് വയനാട് പ്രകൃതിസംരക്ഷണ സമിതിയാ യിരുന്നു. മുണ്ടകൈ ഉരുൾപൊട്ടലിനെത്തുടർന്ന് വനധ്വംസനത്തിനെതിരെ വ്യാപകമായ പ്രചരണപ്രവർത്തനങ്ങൾക്ക് സമിതി നേതൃത്വം നൽകി. അതിന്റെ ഭാഗമായിത്തന്നെയായിരുന്നു സംസ്ഥാനത്തെ പരിസ്ഥിതി പ്രവർത്ത കരുടെ ശ്രദ്ധേയമായ സൗഹൃദം രൂപപ്പെട്ട മുത്തങ്ങാ ക്യാമ്പിന് സമിതി ആതി ഥേയത്വം വഹിച്ചത്. ആദിവാസികൾക്കിടയിലെ കുഷ്ഠരോഗം ഒരു വിപ ത്തെന്ന നിലയിൽ ശ്രദ്ധയിൽ കൊണ്ടുവന്നതും എടക്കൽ ഗുഹാസംരക്ഷണ ത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾ നടത്തിയതുമായിരുന്നു ഏറ്റവുമൊടുവി ലത്തെ കാമ്പയിനുകൾ.

കുറുവത്തുരുത്തുകൾ സംരക്ഷിക്കുന്നതിനുവേണ്ടിയും മാനന്തവാടി പദ്ധ തിക്കെതിരെയും ബോധവൽക്കരണ ശ്രമങ്ങളുടെ ഒരു പരമ്പരയാണ് ഈ വർഷത്തെ അജണ്ടയിൽ പ്രധാനമായുമുള്ളത്..............."

**_Printed & Published by :_**
Wayanad Prakruthi Samrakshana Samithi, S. Bathery.
for Private Circulation only. (1000/2003)

Phone : (0493) 620570
622024

**വയനാട്
പ്രകൃതിസംരക്ഷണ സമിതി**
സുൽത്താൻ ബത്തേരി
കേരളം - 673 592

**Wayanad
Prakruthi Samrakshna Samithi**
Sulthan Bathery
Keralam - 673 592

Date 25-6-03

## പരിസ്ഥിതി വിരുദ്ധ ടൂറിസം അനുവദിക്കില്ല

കർഷക-ജനവിരുദ്ധവും, പരിസ്ഥിതി വിരുദ്ധവുമായ ടൂറിസം പദ്ധതി വയനാട്ടിൽ നടപ്പാക്കരുതെന്ന് വയനാട് പ്രകൃതിസംരക്ഷണ സമിതി ആവശ്യപ്പെട്ടു.

ഇപ്പോൾ ഇക്കോ ടൂറിസത്തിന്റെ പേരിൽ സർക്കാർ മുത്തങ്ങ വന്യജീവി സങ്കേതവും, വയനാട്ടിലെ മറ്റു നിബിഡ വനങ്ങളും സ്വകാര്യ കുത്തകകൾക്ക് തീറെഴുതാനാണ് ശ്രമിക്കുന്നത്- ലോകത്തിലൊരിടത്തും പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളിൽ ടൂറിസം അനുവദിച്ചിട്ടില്ല. ആദിവാസി മേഖലകളിൽ ടൂറിസം നടപ്പാക്കുന്നതു തന്നെ കേന്ദ്രസർക്കാർ നയത്തിനെതിരാണ് സർക്കാർ തീരുമാനം. ഇക്കോടൂറിസം പദ്ധതി നടപ്പാക്കിയിട്ടുള്ള പൊൻമുടി, പെരിയാർ തുടങ്ങിയ സ്ഥലങ്ങളിൽ വന്യജീവികളെയും, പരിസ്ഥിതിയേയും അതു ഗുരുതരമായി ബാധിച്ചുവെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പരിസ്ഥിതിപഠനത്തിന്, വന്യജീവി സംരക്ഷണത്തിന് ഉതകുന്ന പരിമിതമായ സന്ദർശനങ്ങൾ മാത്രമേ വനത്തിനകത്ത് അനുവദിക്കാവൂ. മുത്തങ്ങയിലാണെങ്കിൽ ജനവാസ പ്രദേശങ്ങളും വനത്തിന്റെ കോർ ഏരിയയും ഇതുവരെയും വേർതിരിച്ചിട്ടില്ല. ആദിവാസികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ അനിയന്ത്രിതമായ ടൂറിസം അനുവദിച്ചാൽ, അത് അവരുടെ ഉന്മൂലനത്തിന് കാരണമാവും, അവിടം മയക്കുമരുന്ന് കേന്ദ്രവും ഗോവയിലേതുപോലെ അധഃപതനമായിത്തീരുകയും ചെയ്യും.

ഇത്തരം ജനവിരുദ്ധ ടൂറിസത്തെ ചെറുത്ത് തോല്പിക്കാൻ വയനാട്ടിലെ മുഴുവൻ ജനങ്ങളും രംഗത്തിറങ്ങണമെന്ന് വയനാട് പ്രകൃതിസംരക്ഷണ സമിതി അഭ്യർത്ഥിച്ചു.

പ്രസിഡന്റ് ബാബു മൈലമ്പാടി അധ്യക്ഷതവഹിച്ചു. സെക്രട്ടറി തോമസ് അമ്പലവയൽ N. ബാദുഷ, V.M. രാജൻ, A.V മനോജ്, O.J. മാത്യു, നാരായണൻ തച്ചമ്പത്ത്, സുരേഷ് [illegible] എന്നിവർ പ്രസംഗിച്ചു.

സെക്രട്ടറി
[signature]
തോമസ് അമ്പലവയൽ.

M.T. Vasudevan Nair

"SITHARA"
CALICUT - 673 006
KERALA STATE

6th March 2003

*പ്രിയ സുഹൃത്തെ,*

ഫെബ്രുവരി 19ന് മുത്തങ്ങയിൽ ആദിവാസികൾക്കുനേരെ നടന്ന പോലീസ് വെടിവെപ്പും തുടർന്നുണ്ടായ പോലീസ് അതിക്രമങ്ങളും താങ്കളുടെയും ശ്രദ്ധയിൽ പെട്ടിട്ടുണ്ടാകുമല്ലോ.

2003 ഫെബ്രുവരി 28ന് ഒരു സംഘം ഡോക്ടർമാരുടെയും സാംസ്കാരികപ്രവർത്തകരുടെയും കൂടെ മുത്തങ്ങയിലെയും പരിസരപ്രദേശങ്ങളിലെയും ആദിവാസി ഊരുകൾ സന്ദർശിച്ചപ്പോൾ കാട്ടിൽ നിന്നും നാട്ടിൽ നിന്നും ആട്ടിപ്പായിച്ച് ജീവിതത്തിന്റെ ഓരങ്ങളിലേക്ക് നാം തള്ളിയ ആദിവാസി ജീവിതത്തിന്റെ ദയനീയവും ഭീതിദവുമായ മുഖമാണ് ഞങ്ങൾ കണ്ടത്. കുട്ടികൾ എവിടെയാണെന്നറിയാത്ത അമ്മമാർ, ഭർത്താക്കന്മാരെവിടെയുണ്ടെന്നറിയാത്ത സ്ത്രീകൾ, ഭാര്യയും മക്കളും എവിടെയെന്നറിയാത്ത പുരുഷന്മാർ...

വെടിവെപ്പിനു ശേഷമുള്ള ആദിവാസി ജീവിതം അനിശ്ചിതത്വത്തിലും ഭീതിയുലുമാണ്ടു കിടക്കുന്നു. വാഹനങ്ങളുടെ ഇരമ്പം കേൾക്കുമ്പോൾത്തന്നെ കുട്ടികളെയും തോളിലിട്ട് കുടിലുകളിൽ നിന്നും ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്ന സ്ത്രീകൾ ഊരുകളിലെ പോലീസ് ഭീകരതയുടെ കാഠിന്യം വെളിവാക്കുന്നു.

ഭൂമിക്കുവേണ്ടിയുള്ള ആദിവാസി പോരാട്ടത്തിന്റെ കൂടെ നിൽക്കുന്നതോടൊപ്പം വെടിവെപ്പും പോലീസ് ഭീകരതയും താറുമാറാക്കിയ ഇവരെ സാധാരണ ജീവിതത്തിലേക്ക് നയിക്കാനുള്ള ബാധ്യതയും നമുക്കുണ്ട്. ഭക്ഷണം, മരുന്ന്, വസ്ത്രം, പാത്രങ്ങൾ തുടങ്ങിയ ഭൗതികാവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നതോടൊപ്പം ഇവർക്ക് ആത്മധൈര്യം പകരാനുള്ള ചുമതലയും നമുക്കുണ്ട്.

വയനാട്ടിലെയും അയൽജില്ലകളിലെയും പീഡിതരായ ആദിവാസി ജനതയോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനും ഭൂമിക്കുവേണ്ടിയുള്ള അവരുടെ അവകാശസമരത്തെ സഹായിക്കാനുമായി മാർച്ച് 17ന് തിങ്കളാഴ്ച രാവിലെ 10 മണി മുതൽ സുൽത്താൻ ബത്തേരിക്കടുത്ത മുത്തങ്ങയിൽ ഒരു ഒത്തുചേരൽ നടത്തുകയാണ്.

എഴുത്തുകാർ, ചലച്ചിത്രപ്രവർത്തകർ, ചിത്രകാരന്മാർ, ശില്പികൾ, നാടകപ്രവർത്തകർ, ആരോഗ്യപ്രവർത്തകർ, മാധ്യമപ്രവർത്തകർ, മനുഷ്യാവകാശ പ്രവർത്തകർ, ആക്ടിവിസ്റ്റുകൾ... തുടങ്ങി ജീവിതത്തിന്റെ നാനാതുറകളിലുമുള്ളവരുടെ പങ്കാളിത്തം പീഡനമനുഭവിക്കുന്ന ആദിവാസി സമൂഹത്തിന് ഊർജ്ജം പകരുകയും, നീതിയ്ക്കും നിലനില്പിനും വേണ്ടിയുള്ള അവരുടെ പോരാട്ടത്തിന് ശക്തി പകരുകയും ചെയ്യും.

നാം ആദിവാസി ജനതയ്ക്കൊപ്പമുണ്ടെന്ന് പറയാനെങ്കിലും ഇപ്പോൾ നമുക്ക് കഴിയുന്നില്ലെങ്കിൽ കൊട്ടിഘോഷിക്കപ്പെടുന്ന കേരളീയ പ്രബുദ്ധതയുടെ അർത്ഥമെന്താണ്?

താങ്കളും കൂട്ടുകാരും തീർച്ചയായും മുത്തങ്ങയിലേക്കു വരണം.

*സ്നേഹപൂർവ്വം*

**എം.ടി. വാസുദേവൻ നായർ**

ചെയർമാൻ, ഐക്യദാർഢ്യ കൺവെൻഷൻ സംഘാടക സമിതി

ബന്ധപ്പെടാവുന്ന മേൽവിലാസവും ഫോൺനമ്പറും: സി. സുരേന്ദ്രനാഥ് 0495-2320114

E-mail: mutthanga@hotmail.com

Phones: Office: 2704402 Res: 2765080. E-mail: mtvnair@vsnl.com

2003 ജൂൺ 5

# ലോകപരിസ്ഥിതിദിനം

## സെമിനാർ

# ആദിവാസികളും പരിസ്ഥിതിയും

ടിപ്പുസുൽത്താൻ പ്ലേസ്, ബത്തേരി

ഉദ്ഘാടനം :

**ഡോ. കെ. കെ. എൻ. കുറുപ്പ്**

(മുൻ വൈസ് ചാൻസലർ
കോഴിക്കോട് സർവ്വകലാശാല)

**വയനാട് പ്രകൃതിസംരക്ഷണ സമിതി**

(Reg. No. 239/03)

സുൽത്താൻ ബത്തേരി

സുഹൃത്തെ,

ഭൂമിക്കും അതിജീവനത്തിനുമായുള്ള ആദിവാസികളുടെ പ്രക്ഷോഭങ്ങൾ മുമ്പെന്നെത്തേക്കാളും സജീവമായി ചർച്ച ചെയ്യപ്പെടുന്ന കാലമാണിത്. ആദിവാസി ഭൂമി വീണ്ടെടുക്കുന്നതിനുള്ള എഴുപത്തി അഞ്ചിലെ നിയമം, അന്യാധീനപ്പെട്ട ഭൂമിക്കുവേണ്ടിയുള്ള പ്രക്ഷോഭങ്ങൾ, ലോകബാങ്കിന്റെയും ഐ. എം. എഫിന്റെയും മാനസപുത്രന്മാരായ സന്നദ്ധസംഘടനകളുടെ ആദിവാസിമേഖലയിലേക്കുള്ള ഭീതിപ്പെടുത്തുന്ന കടന്നുകയറ്റം, ആദിവാസിസ്വയംഭരണം, പരിസ്ഥിതിയും ആദിവാസിത്തനിമയും – എന്നിങ്ങനെ ചർച്ചചെയ്യപ്പെടുന്ന വിഷയങ്ങൾ നിരവധിയാണ്.

പ്രകൃതിയും പ്രകൃതിയോട് ഏറ്റവുമടുത്ത് നിൽക്കുന്ന ആദിവാസിയും ലോകത്തെങ്ങുമെന്നപോലെ നമ്മുടെ നാട്ടിലും വൻ നാശത്തെ നേരിടുകയാണ്. തലതിരിഞ്ഞതും, മനുഷ്യത്വരഹിതവും ക്രൂരവുമായ വികസനത്തിന്റെ ഇരകളാണിവർ. പ്രകൃതിയിൽ നിന്നന്യമായി ആദിവാസിജനതയ്ക്ക് നിലനില്പില്ല തന്നെ. കടൽവറ്റിപ്പോയ മുക്കുവനെപ്പോലെ ആശ്രയവും, ആലംബവും നഷ്ടപ്പെട്ടവനാണ് കാട് നഷ്ടപ്പെട്ട ആദിവാസിയും. അവന്റെ ജനനവും മരണവും വിശ്വാസങ്ങളും അതിജീവനവുമൊക്കെ കാടുമായി ബന്ധപ്പെട്ടതാണ്. എന്നാൽ ആദിവാസികളുടെ മാത്രമല്ല, ജീവന്റെ തന്നെ നിലനില്പിന്നാധാരമായ വനവും, പ്രകൃതിയും, അടിസ്ഥാനവിഭവങ്ങളും കൊള്ളചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ആദിവാസിയും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം അതീവഗൗരവത്തോടെ ചർച്ചചെയ്യപ്പെടേണ്ടതാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ലോകപരിസ്ഥിതിദിനമായ ജൂൺ 5–ാം തീയതി അതിനായി ഒരു വേദി ഒരുക്കുന്നത് വളരെ ഉചിതമായിരിക്കും. ആദിവാസി പ്രശ്നങ്ങൾ അതീവഗൗരവത്തോടെ വീക്ഷിക്കുന്ന പ്രമുഖരായ ചരിത്രപണ്ഡിതന്മാർ, പരിസ്ഥിതിവിദഗ്ദ്ധരും ശാസ്ത്രകാരന്മാരും, പ്രമുഖരായ ആദിവാസി നേതാക്കൾ, പ്രകൃതിസംരക്ഷണപ്രവർത്തകർ സാമൂഹ്യപ്രവർത്തകർ ഇവരൊക്കെ പങ്കെടുക്കുന്ന സെമിനാറും ചർച്ചയുമാണുദ്ദേശിക്കുന്നത്. ആദിവാസി– പരിസ്ഥിതിപ്രശ്നങ്ങളിൽ സജീവതാല്പര്യമുള്ള താങ്കളെയും, സുഹൃത്തുക്കളേയും പരിപാടിയിലേക്ക് ബഹുമാനത്തോടെ ക്ഷണിക്കുന്നു. കാര്യപരിപാടികൾ അന്യത്ര ചേർക്കുന്നു.

സ്നേഹത്തോടെ,

**പ്രൊഫ. ടി. മോഹൻബാബു**
(ചെയർമാൻ, സ്വാഗതസംഘം)

**തോമസ് അമ്പലവയൽ**
(കൺവീനർ)

**രാമകൃഷ്ണൻ തച്ചമ്പത്ത്**
(വൈസ് ചെയർമാൻ)

**ബി. കുഞ്ഞിരാമൻ**
(ജോയിന്റ് കൺവീനർ)

## കാര്യപരിപാടി

| | | |
|---|---|---|
| 9.30 am | : | രജിസ്ട്രേഷൻ |
| 10 am | : | ഉദ്ഘാടന സമ്മേളനം |
| സ്വാഗതം | : | ശ്രീ. തോമസ് അമ്പലവയൽ<br>(കൺവീനർ, സ്വാഗതസംഘം) |
| അദ്ധ്യക്ഷൻ | : | പ്രൊഫ. ടി. മോഹൻബാബു<br>(ചെയർമാൻ, സ്വാഗതസംഘം) |
| ഉദ്ഘാടനം | : | ~~ഡോ. കെ. കെ. എൻ. കുറുപ്പ്~~ |
| ആമുഖം | : | ശ്രീ. എൻ. ബാദുഷ |
| 11 am | : | സെമിനാർ |
| മോഡറേറ്റർമാർ | : | ഡോ. എസ്. ശാന്തി<br>ശ്രീ. കെ. പി. അബ്ദുൾ വഹാബ് |
| വിഷയാവതരണം | : | **ആദിവാസികളും പരിസ്ഥിതിയും**<br>ഡോ. സതീഷ് ചന്ദ്രൻ |
| | | **ആദിവാസിഭൂപ്രശ്നം -<br>എ. കെ. എസിന്റെ കാഴ്ചപ്പാട്**<br>ശ്രീ. കെ. സി. കുഞ്ഞിരാമൻ<br>(സംസ്ഥാന സെക്രട്ടറി, ആദിവാസി ക്ഷേമസമിതി) |
| | | **ആദിവാസികളും വനവാസി വികാസകേന്ദ്രവും**<br>ശ്രീ. പള്ളിയറ രാമൻ<br>(സംസ്ഥാന പ്രസിഡണ്ട്, വനവാസി വികാസകേന്ദ്രം) |
| | | ~~**ആദിവാസികളും ഭൂപ്രശ്നവും കാടും**~~<br>~~ഡോ. രാജൻ ഗുരുക്കൾ~~ |
| 1.30 | : | ~~ഭക്ഷണം~~ |
| | | **മുത്തങ്ങ ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾ**<br>ശ്രീ. പി. കെ. ഉത്തമൻ |
| 2.30 | : | ~~**ആദിവാസി സംസ്ക്കാരം**~~<br>~~ശ്രീ. ഒ. കെ. ജോണി~~ |
| | | **ആദിവാസികളുടെ ചരിത്രവും വികാസവും**<br>ഡോ. എം. ആർ. രാഘവവാര്യർ |

**ആദിവാസി സ്വയംഭരണത്തിന്റെ പ്രശ്നങ്ങൾ**

**ശ്രീ. ലത്തീഫ് കീഴിശ്ശേരി**

**സന്നദ്ധസംഘടനകളും ആദിവാസികളും**

**ശ്രീ. കെ. ടി. കുഞ്ഞിക്കണ്ണൻ**

(പ്രസിഡണ്ട്, സി.പി.ഐ.(എം.എൽ) സംസ്ഥാനകമ്മിറ്റി)

~~**ശ്രീ. ബാബു മൈലംമ്പാടി**~~

~~(പ്രസിഡണ്ട്, വയനാട് പ്രകൃതിസംരക്ഷണസമിതി)~~

**ഓരോ വിഷയാവതരണത്തിനുശേഷവും ചർച്ചയിൽ പങ്കെടുത്തുകൊണ്ട്,**

**ശ്രീ. ബാലൻ പൂതാടി**

(ജില്ലാ ജനറൽ സെക്രട്ടറി, വയനാട് ആദിവാസി ഫെഡറേഷൻ)

**ശ്രീ. ആലന്തട്ട പ്രഭാകരൻ**

(സംസ്ഥാന സെക്രട്ടറി, കേരള പണിയർ സമാജം)

**ശ്രീ. സി. ബി. ശ്രീധരൻ** (ഗുരുവ് അട്ടപ്പാടി)

**ശ്രീ. എടക്കൽ മോഹനൻ**

(ജില്ലാ ജനറൽ സെക്രട്ടറി, ഭാരതീയ ദളിത് കോൺഗ്രസ്, വയനാട്)

~~**ശ്രീ. എം. ഗംഗാധരൻ** (വയനാട് പ്രകൃതിസംരക്ഷണ സമിതി)~~

**തുടങ്ങിയവർ സംസാരിക്കുന്നതാണ്.**

| | | |
|---|---|---|
| **5.00 pm** | : | **സമാപനം** |
| | | **അവലോകനം** |
| നന്ദി | : | **ശ്രീ. വി. എം. രാജൻ** |

9.7.03

## കാട്ടാനയെ ഷോക്കേൽപ്പിച്ച് കൊന്ന തോട്ടമുടമയെ അറസ്റ്റ് ചെയ്യുക

വയനാടൻ കാടുകളിൽ വനം വകുപ്പിന്റെ കെടു കാര്യസ്ഥത മൂലം വന്യ ജീവികൾ ചത്തൊടുങ്ങുന്നതിനിടയിലാണ് പാംബ്ര എസ്റ്റേറ്റിൽ തോട്ടമുടമയുടെ ഇലക്ട്രിക് ഷോക്കേറ്റ് കാട്ടാന ചരിയാനിടയായത്. ഷോക്കേൽപ്പിക്കാനുപയോഗിച്ച ഉപകരണങ്ങളും ജനറേറ്ററും പിടിച്ചെടുക്കുകയും ജീവനക്കാരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടും വനം വകുപ്പും പോലീസും ഇരുട്ടിൽ തപ്പുകയാണ്. യാതൊരു അധികാരവുമില്ലാത്ത അനിമൽ വെൽഫയർ ബോർഡ് ഇൻസ്പെക്ടറെ ഉപയോഗിച്ചു കൊണ്ട് ചത്തത് നാട്ടാനയാണെന്ന് വരുത്തിത്തീർക്കാൻ തോട്ടമുടമയും അതിന് ഒത്താശ ചെയ്യാൻ സൗത്ത് വയനാട് ഡി.എഫ്.ഒ.യും നടത്തുന്ന ശ്രമങ്ങൾ അങ്ങേയറ്റം പ്രതിഷേധാർഹമാണ്. അഞ്ചു ലക്ഷത്തിലധികം രൂപ വില വരുന്ന നാട്ടാനയ്ക്ക് ഉടമകളില്ലെന്ന വാദം ജനങ്ങളെ വിഡ്ഢികളാക്കാനാണ്. ആന ചരിഞ്ഞ രാത്രിയിൽ കാട്ടാനകൾ റോഡ് തടസ്സമുണ്ടാക്കുകയും കൂട്ടം കൂടി നിൽക്കുകയും ചെയ്തതിന് സമീപ വാസികൾ സാക്ഷികളാണ്. ചത്ത നാട്ടാനക്ക് വേണ്ടിയാണോ കാട്ടാനകൾ റോഡിലിറങ്ങിയത് എന്ന് പറയേണ്ട ബാദ്ധ്യത വനം വകുപ്പിനുണ്ട്. എസ്റ്റേറ്റിൽ ഇലക്ട്രിക് കമ്പിവേലിയിട്ടിരിക്കുന്നത് കൃഷി ഭൂമിയുടെ രക്ഷക്കല്ലെന്നും, കാട്ടാട്, മാൻ, പന്നി, കാട്ടുപോത്ത് എന്നിവയെ കെണി വെച്ച് പിടിക്കാനാണെന്നും തൊഴിലാളികളും സമീപ വാസികളും പറയുന്നത് സത്യമാണെന്ന് ഈ സംഭവത്തോടെ വ്യക്തമായിരിക്കുകയാണ്.

സർക്കാർ അടിയന്തിരമായി ഈ പ്രശ്നത്തിൽ ഇടപെടണമെന്നും കുറ്റക്കാരനായ തോട്ടമുടമയെ അറസ്റ്റ് ചെയ്യണമെന്നും വയനാട് പ്രകൃതി സംരക്ഷണ സമിതി ആവശ്യപ്പെടുന്നു.

തോമസ് അമ്പലവയൽ

(സെക്രട്ടറി).

# വയനാട് പ്രകൃതിസംരക്ഷണ സമിതി

(Regd.)

സുൽത്താൻ ബത്തേരി, വയനാട്

12-05-'03

സുഹൃത്തേ,

കാടിനും പ്രകൃതിക്കും വേണ്ടി സംസാരിക്കുന്നത് കൊടിയ പാതകവും അപരാധവുമായ വർത്തമാനകാലത്താണ് നാം ജീവിക്കുന്നത്. കഴിഞ്ഞ 20 വർഷക്കാലമായി പ്രവർത്തിക്കുന്ന പ്രകൃതി സംരക്ഷണ സമിതി എക്കാലവും ആദിവാസികളുടെ അവകാശസമരങ്ങൾക്കൊപ്പമായിരുന്നു. 1975 ലെ ആദിവാസി ഭൂനിയമം പ്രഖ്യാപിച്ചപ്പോൾ തന്നെ അത് പൂർണ്ണമായും നടപ്പാക്കണമെന്നാവശ്യപ്പെട്ടത് സമിതിയാണ്. പ്രകൃതിക്കും ആദിവാസികളുടെ ക്ഷേമത്തിനും വേണ്ടി പ്രകൃതിസംരക്ഷണസമിതിയെപ്പോലെ പ്രവർത്തിച്ച മറ്റൊരു സംഘടനയും കേരളത്തിലില്ല. മുത്തങ്ങ സംഭവവുമായി ബന്ധപ്പെടുത്തി സമിതിയേയും പ്രവർത്തകരേയും മാധ്യമങ്ങളിലൂടെ അവഹേളിക്കുന്നത് പ്രധാനമായും രണ്ട് കാരണങ്ങളാലാണ്. ഒന്ന്, ലോകകുത്തകകളുടെ ചട്ടുകങ്ങളായി പ്രവർത്തിക്കുന്ന ഫണ്ടിങ്ങ് ഏജൻസികൾ കേരളത്തിലെ മിക്കവാറും എല്ലാ പരിസ്ഥിതി ഗ്രൂപ്പുകളേയും വിഴുങ്ങികഴിഞ്ഞു പക്ഷെ, പ്രകൃതി സംരക്ഷണ സമിതിയെ വരുതിയിലാക്കാൻ അവർക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. സ്വന്തം സ്പോൺസർഷിപ്പിലല്ലെങ്കിൽ സംഘടനയെ തകർക്കുക എന്നതു തന്നെയാണ് അവരുടെ ലക്ഷ്യം. രണ്ട്, മുത്തങ്ങ സമരത്തിന്റെ ആദ്യഘട്ടത്തിൽ പിന്തുണയുമായി രംഗത്തെത്തിയവരുടെ ഭൂതകാലം ജനവിരുദ്ധവും സാമൂഹ്യവിരുദ്ധവുമായിരുന്നു. അത് വെള്ളപൂശി സാംസ്കാരിക നായകരാവണമെങ്കിൽ സമിതിയേയും പ്രവർത്തകരേയും ഇല്ലാതാക്കുക തന്നെ വേണമെന്ന് അവർ മനസ്സിലാക്കിയിരുന്നു.അടിച്ചമർത്തലുകൾക്കും അവഹേളനങ്ങൾക്കുമുള്ള മറുപടി ഉറച്ച കാൽവെപ്പോടെയുള്ള പ്രവർത്തനങ്ങളാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ലോകപരിസ്ഥിതി ദിനമായ ജൂൺ 5ന് ബത്തേരിയിൽ വെച്ച് ആദിവാസി ഭൂപ്രശ്നവും പരിസ്ഥിതിയും എന്ന വിഷയത്തെക്കുറിച്ച് ഒരു സെമിനാർ സംഘടിപ്പിക്കുന്നതിന് സമിതി തീരുമാനിച്ചിരിക്കുന്നു. സെമിനാറിൽ ഡോ.രാജൻ ഗുരുക്കൾ, ഡോ. എം.ആർ. രാഘവ വാരിയർ, ശ്രീ. കെ. പാനൂർ, ഡോ. സതീശ് ചന്ദ്രൻ, ഡോ. ശാന്തി, ശ്രീ. പി.കെ. ഉത്തമൻ, പ്രൊ. കെ.കെ.എൻ. കുറുപ്പ്, ഡോ. കെ.ജി.റാംമോഹൻ, ഒ. കെ. ജോണി തുടങ്ങിയവരും ആദിവാസി മേഖലയിലുള്ള നിരവധി യഥാർത്ഥ പ്രവർത്തകരും പങ്കെടുക്കുന്നു. ഇത് സംബന്ധിച്ച് ഒരു വിപുലമായ സ്വാഗതസംഘം മെയ് 17 ശനിയാഴ്ച വൈകിട്ട് 4 മണിക്ക് ബത്തേരി ടിപ്പുസുൽത്താൻ പ്ലേസിൽ ചേരുന്നു. താങ്കളും സുഹൃത്തുക്കളും സെമിനാറിന്റെ പ്രാധാന്യം കണക്കിലെടുത്ത് കൃത്യസമയത്ത് തന്നെ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

**തോമസ് അമ്പലവയൽ**
സെക്രട്ടറി

**പ്രൊ. ടി. മോഹൻ ബാബു**
കൺവീനർ

# മുത്തങ്ങ സംഭവം

## ജനകീയ ജുഡീഷ്യൽ എൻക്വയറി കമ്മീഷൻ

കേരളത്തിലെ ഏറ്റവും പ്രമാദവും ആശങ്കാജനകവുമായ പ്രശ്നമായി മാറിയിരിക്കയാണല്ലോ ആദിവാസികളുടെ ഭൂമിപ്രക്ഷോഭവും അനന്തരസംഭവങ്ങളും. ഇതെചൊല്ലി പരസ്പരവിരുദ്ധമായ പ്രചാരണങ്ങളും അവകാശവാദങ്ങളും വെല്ലുവിളികളുമൊക്കെ നടക്കുന്നു. ഒടുവിൽ നിയമസഭാ സ്തംഭനത്തിലെത്തിനിൽക്കുകയാണ് സംഭവഗതികൾ. സർക്കാരാകട്ടെ, യാതൊരുവിധ അന്വേഷണത്തിനും തയ്യാറല്ലെന്ന നിലപാടിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്നു.

ഈ പ്രതിസന്ധിയിലാണ്, ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിലുള്ള ജനാധിപത്യ-മനുഷ്യാവകാശ പ്രസ്ഥാനമായ എഫ്. ഡി. സി. എ ആദിവാസി ഭൂമിപ്രശ്നത്തിന്റെയും പ്രക്ഷോഭത്തിന്റെയും ചരിത്രപശ്ചാത്തലവും വികാസപരിണാമങ്ങളും വർത്തമാനകാല പതനവും മുത്തങ്ങ സംഭവത്തിന്റെ പിന്നിലെ യഥാർത്ഥവസ്തുതകളും പരമാവധി വസ്തുനിഷ്ഠമായി അനാവരണം ചെയ്യാനും പ്രശ്നപരിഹാരത്തിന്റെ സുസ്ഥിര പോംവഴികൾ നിർദ്ദേശിക്കാനുമായി ജനകീയ ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറായിരിക്കുന്നത്. വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ മാർച്ച് 9, 10, 11 തിയ്യതികളിൽ മുത്തങ്ങയിലും പരിസരങ്ങളിലുമായി നടക്കുന്ന ഈ അന്വേഷണത്തിന് നേതൃത്വം നല്കുന്നത് പ്രസിദ്ധമായ ബോംബെ സ്ഫോടനം, കൂത്ത്പറമ്പ് വെടിവെപ്പ് എന്നീ സംഭവങ്ങളെകുറിച്ച് അന്വേഷിക്കാൻ നിയുക്തനായിരുന്ന ജനകീയ ജുഡിഷ്യൽ കമ്മീഷനുകളുടെ സാരഥ്യം വഹിച്ച ജസ്റ്റിസ് എച്ച്. സുരേഷാണ്. അദ്ദേഹത്തോടൊപ്പം ജസ്റ്റിസ് പി.കെ. ശംസുദ്ദീൻ, മൂർക്കോത്ത് രാവുണ്ണി ഐ.എ.എസ്, എം.ടി.വാസുദേവൻ നായർ, കെ. പാനൂർ, അഡ്വ. മഞ്ചേരി സുന്ദർരാജ് (മെമ്പർ സെക്രട്ടറി), അഡ്വ. കെ.എം. തോമസ് എന്നിവരാണ് കമ്മീഷൻ അംഗങ്ങൾ. കമ്മീഷന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കാൻ എല്ലാവിഭാഗം ജനങ്ങളോടും ഹൃദയപൂർവ്വം അഭ്യർത്ഥിക്കുന്നു.

*2003 മാർച്ച് 6.* *സെക്രട്ടറി*

# INVASION OF WAYANAD WILDLIFE SANCTUARY
## SOME DISTURBING TRUTHS

(A Brief Spot Investigation Report by WAYANAD PRAKRUTHI SAMRAKSHANA SAMITHI)

*{The Wayanad Prakruti Samrakshana Samithi, since its inception nearly three decades ago, stood firmly with the Adivasis in all their struggles and fully supported their struggle to regain alienated land. The Samithi still hold the same views and follow the same firm stand that the alienated land of tribals should be regained, and, if not possible landless Adivasis should be settled on lands near to their homesteads, which could be acquired by the government and handed over to them.}*

**<u>January 24, 2003: Muthanga Wildlife Sanctuary, Sulthan Bathery, Wayanad.</u>**

The Samithi members became aware of the invasion of the Wayanad Wildlife Sanctuary (Muthanga) by a group of Adivasis led by Ms. C K Janu, on the next day after they entered the Reserve Forest and started setting up makeshift tents in three localities. Today, it is the 20 th day of the illegal occupation of Sanctuary land by this gropp of Adivasis. There are nearly 500 Adivasis in the makeshift camps. After careful analysis of the politics, history and the back stage activities in connection with the illegal occupation of Forest land of the Wildlife area by Ms C K Janu's team, the Samithi issued press statements and conducted a Press Conference at Calicut on January 22 and demanded the Adivasis to vacate the pristine and young natural forests and also demanded the Government of Kerala to remove them from the Forest land . The Samithi also appealed the Government to provide them land near to the Adivasi settlements through acquisition or other means.

We are aware that the Samithi's demand for removal of the invaders from the Wildlife Sanctuary might have created some wrong impression among some people, because of the partial interpretation of the Samithi's position they heard from this or that source. This is to correct the record and tell all of you some naked truths about the Adivasi invasion of the Wayanad Wildlife Sanctuary.

We had our own doubts about the so-called agreement made between Adivasi Gothra Mahasabha leader Ms. C K Janu and the Chief Minister Mr A K Antony, after a prolonged, "stage-managed" struggle conducted by Ms Janu and a group of "paid" volunteers at Trivandrum. Our doubts are based on the true facts of the struggle and its outcome. We have supported the struggle for restoration of alienated tribal land conducted by Dr Nalla Thampi Thera in the courts and also other earlier agitations, including those conducted earlier by Ms. Janu. But, the sudden twist in the tale happened at Trivandrum clearly proved some under-table deals and involvement of some powerful lobbies like the rich migrants from Travancore, Plantation groups and the Religious Groups and foreign-funded NGOs. The Agreement was a real selling of the Adivasi cause when compared to Adivasi struggles happening around the world (in more than 100 localities including North Dakota, USA, Torres Straits, Australia, Siberia, Russia, Andaman Islands, India) because

nowhere in the world there is a demand for alternative land for alienated land. Alienated land is basically land grabbed-that is equal to robbery. Instead of the robbed land, the victim agree to accept land "somewhere"! This is a legal fiction and practical idiocy. This is what happened at Trivandrum. The nature of enforceability of the agreement was not openly stated by the parties, Ms Janu and Mr A K Antony. There are only wild media statements by Ms Janu, her colleague Mr Geethanandan and Mr A K Antony and other political party leaders.

*We suspected the genuineness of the Agreement due to the following factors:*

1. The real terms of the Agreement are still not made public. 2. The legal enforceability of the Agreement was not clear. 3. There were a lot of behind the curtain activities going on along with the agitation in front of the Secretariat. 4. The presence of vested interests such as Religious Groups, Powerful Plantation lobby, the out of the way backing of the agitation by media organizations like Malayala Manorama and Mathrubhoomi 5. The extravagant "celebrartion" of the agitation spending huge amount of money.

Even after discounting all our doubts, we were fully supportive of the so-called "victory"- that a publicly made promise to give five acres of land each to landless tribal people emanated. But, the real games played by the parties involved became clear soon. It is to be mentioned here clearly-at no stage of the agitation for restoration of alienated land, Ms C K Janu and her group impleaded themselves in the cases pending in the courts, including at the High Court and Supreme Court, filed by Dr Nalla Thampi Thera. Due to this dubious stand by Ms C K Janu, many activists who supported her earlier backed off from supporting the agitation which culminated in "five acre promise".

Within weeks after the "fiver acre promise", it became clear that the interests of the UDF government, its leaders and Ms C K Janu's interests are merging together. There was no talk about settling the landless at their own localities through acquisition of necessary land. There is sufficient land available in various project areas (such as Karapuzha and Banasurasagar) and there are huge areas of land occupied by big plantation companies , big landlords and religious organizations, and including some prominent political party leaders of both the UDF, the LDF and BJP (For eg: Kuppamudi Estate with legal title for nearly 300 acres but holding around 800 acres and now housing a high cost, pleasure resort). In addition, if the government and Ms Janu are genuine in their efforts, the government should have acquired sufficient lands in tribal belts and handed over to tribal people (as they are doing for development activities and as they are going to do through the Global Investors Meet proposals). The claim of Ms Janu that the government cheated her seems to be just media bluff, as the SC and ST minister has been personally meeting her at Wayanad and other places many a time in the recent past. Even there was a conflict within the Wayanad Congress Committee regarding this issue and a prominent tribal Congress leader alleged that the SC and ST minister has been sharing his ill-gotten money with Ms Janu and not acting according to the direction of the party (However, we are unable to verify this, except the fact that a local journalist who witnessed the quarrel between the Congress leader and the minister, happened at the house of another Congress leader, vouched for its truthfulness. This was not reported in the media apparently because they influenced those who witnessed the quarrel.) .

There was no organized invasion of Reserve Forest Land, especially in Malabar and definitely in Wayanad, after they were reserved in 1820 by the Colonial Rulers. Migrant Farmers occupied vested forests, revenue land and devaswam lands. This invasion by Ms C K Janu's group will completely discredit the Adivasis and they had lost their reputation as protectors of forests and gained the bad reputation as reserve forest encroachers. For the first time in history, Adivasis were converted to forest encroachers and group criminals. Thanks to Ms Janu.

It is suspected that total fragmentation, deculturation and further impoverishment and making them fodder for those who are out to "add souls" to their creeds and those who are out to grab destitutes land seems to be the motives. There is clear connivance of the Chief Minister Mr A K Antony, SC and ST Minister Dr. M A Kuttappan and Forest Minister K Sudhakaran, as Dr Kuttappan's personal secretary visited Ms Janu twice in the camp during the last 20 days and the Forest Higher officials and the Chief Minister remain mum during the last 20 days despite a clear criminal action was staged by a group of people inside a Sanctuary with high protection under law. In addition, this will facilitate poachers, forest mafia and all other kind of vested interests, including the powerful migrants and plantation lobby to lay claim over Reserve forests. Most of those who occupy the makeshift tents inside the Sanctuary are from far away places like Mananthavady, Thirunelly and most of them are having ration cards and houses in those areas. In addition, some of them admitted that they are "paid" for the hard life inside the Sanctuary area which are wildlife paths, especially Elephant paths. Water is available nearly three kms away. There is already high incidence of Wildlife-Human conflict in the periphery of the Sanctuary and the illegal invasion by Ms Janu's team would only escalate the situation. The camp members are indiscriminately destroying the biodiversity of the area, which has been converted to natural forests after clearfelling the eucalyptus plantations a few years ago. The camp members are using traps, arrows and crackers to kill all kinds of wildlife in the area. This shows that the tribals led by Ms C K Janu has no affinity and affection towards the forests. As they are putting indiscriminate fires to clear the area, there is a severe threat of eruption of massive forest fire as summer already started. If such an event happens, a major part of the Wayanad, Bandipur and Mudumalai forests will be the casualty. Even there is a possibility that many in the camps will lose their life along with limitless wildlife if a major forest fire erupts due to carelessness of those in the camps .

It is to be pointed out that Ms C K Janu is not representing the real Adivasi cause now because she and her gang men threatened the local tribal people living in the periphery of the Sanctuary, who are members of the local Tribal cooperative society and enter the forest with permission from Forest Department for collection of minor forest produce. These groups are one of the most primitive among the tribes of Kerala (Kattunaika, Urali Kuruma). Ms Janu and her gang had set up check posts and demanded money from these tribal people to allow them enter the forests for their daily work for survival. Thus Ms Janu helped to block the survival of nearly 300 tribal families in the periphery of the Sanctuary. The Society leaders filed complaint with the Divisional Forest Officer, Sulthan Bathery stating the fact that Ms Janu and her men act as if they are the law and the ruler.

Ms C K Janu herded the "paid" tribals into Wildlife Sanctuary instead of taking them to Global Investors Meet to force the government to effect the "five acre promise". This is especially

important as there was offer of limitless land for industries and dangerous activities like Golf Tourism at GIM, including much land in the Adivasi belt (in the name of Ecotourism). We suspect a high level connivance and conspiracy in this activity.

Therefore, we request all of you to get involved and demand Ms C K Janu and her Adivasi Gothra Mahasabha people to vacate the Sanctuary land immediately and continue the true and correct means to get alienated land back to the tribals or to get land acquired in their own localities for distribution to landless tribals. Please appeal them to let live the tribal people of Wayanad who were cheated repeatedly by various vested interests and now appears on the path of another historical cheating by those who pose themselves as their leaders and in fact dancing according somebody's tunes. We also appeal all of you to demand the Government of Kerala to acquire sufficient and suitable farm lands in Adivasi belts (or regain illegally held lands in the hands of plantation companies and big land lords) and distribute it to the landless tribal people before embarking on land acquisition for new development projects.
( We don't support the anti-people and anti- environment projects listed in the Global Investors Meet such as Golf Tourism Projects, and highly dangerous projects such as Express Highway and Hill Highway).

***Please Contact, if you need further details, explanations and clarifications:***


| N Badusha | Thomas Amablavayal | Babu Mailampadi | P. U. Joy | V.M. Rajan. |
|---|---|---|---|---|
| (0493) 670222 | (0493) 660187 | (0493) 622024. | (0493) 620570 | (0493) 670777 |


*******************************

For Special Attention

Ms. C. K. Janu and her Gothrasabha made the agreement for landgrant with Mr. A. K. Antony(Chief Minister) and Dr. Kuttappan (SC & ST Minister), and not with the elephant and other wild life of Wayanad Wildlife Sanctuary. Ms. C. K. Janu and her Gothrasabha have no right to occupy the habitat of wildbeings as they too have the right for life. As elephant and other wildbeings have no voice and no 'sponsers'. We decided to be their voice too.

വയനാട് പ്രകൃതി സംരക്ഷണ സമിതി, സു: ബത്തേരി. 673592

---

ചെതലയം: ആദിവാസികൾക്ക് ഭൂമി മാത്രമല്ല് ജീവിത സാഹചര്യങ്ങളും നൽകണം.

കേരളത്തിൽ ഗോത്ര സ്വഭാവത്തോടു കൂടിയ ആദിവാസി സമൂഹങ്ങൾ നിലനിൽക്കുന്നില്ലെന്നും കാടിന്റെ ഓരങ്ങളിൽ ജീവിക്കുന്ന കാടോടികൾ മാത്രമാണ് ഇവരെന്നും അതുകൊണ്ട് തന്നെ വടക്കെ ഇന്ത്യയിലെ പോലെ ഗോത്ര സ്വയംഭരണ പ്രദേശങ്ങൾക്ക് കേരളത്തിൽ പ്രസക്തിയില്ലെന്നും പ്രസിദ്ധ ചരിത്രകാരനും എം. ജി. യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസ് വകുപ്പ് തലവനുമായ ഡോ: രാജൻഗുരുക്കൾ പറഞ്ഞു.

ഭൂമി മാത്രം ലഭിച്ചതുകൊണ്ട് ആദിവാസികൾക്ക് ജീവിക്കാനാവില്ല. വയനാട്ടിലെ കാർഷിക മേഖലയിലുണ്ടായിട്ടുള്ള തകർച്ചയും ആത്മഹത്യയും ഭൂമിയുടെ ഉടമസ്ഥത മാത്രം പരിഹാരമല്ല. എന്നതിന് തെളിവാണ്. അതുകൊണ്ട്സ് സ്ഥിരവരുമാനമുള്ള തൊഴിലും, ജീവിത സാഹചര്യങ്ങളും സൃഷ്ടിക്കുകയാണ് ആദ്യം വേണ്ടത് ഒരു സമൂഹം എന്ന നിലയിൽ ആദിവാസികൾക്ക് നിലനിൽക്കാൻ അവരുടെ തനിമ നിലനിർത്തുവാൻ കഴിയണം. ചെതലയത്ത് വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന സംസ്ഥാന തല പരിസ്ഥിതി-ആദിവാസി പ്രവർത്തകരുടെ മൂന്ന് ദിവസത്തെ സംഗമം ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ക്യാമ്പ് ഡയറക്ടർ എം. ഗംഗാധരൻ സ്വാഗതം പറഞ്ഞു. ഡോ: സതീഷ്ചന്ദ്രൻനായർ, ഡോ: എസ്. ശാന്തി, എസ്. സന്ധ്യ, ഡോ: എം. ആർ. രാഘവവാര്യർ, എബിജോർജ്ജ് (അഹാഡ്സ്) ടി. എസ്. മണിലാൽ, (തൃശൂർ) സി. ബി. ശ്രീധൽ (ഗുരുവ് അട്ടപ്പാടി) എം. ശിവരാമൻ, പി. വെള്ളി (പാലക്കാട്) എം. ഗോപി (പള്ളിയാക്കുടി) പി. രാധാകൃഷ്ണൻ (വാഞ്ചിവയൽ) കെ. പി. അബ്ദുൾ വഹാബ്, എൻ. ബാധുഷ, പി. കെ ഉത്തമൻ, ബാബു മൈലമ്പാടി തോമസ് അമ്പലവയൽ തുടങ്ങിയവർ സംസാരിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും 41 പേർ ക്യാമ്പിൽ പങ്കെടുത്തു.

31.8.03

തോമസ് അമ്പലവയൽ

(സെക്രട്ടറി)

# വിചാരണ നേരിടാൻ ഞങ്ങൾ തയ്യാറാണ്

(വയനാട് പ്രകൃതി സംരക്ഷണ സമിതി പുറപ്പെടുവിക്കുന്ന പ്രസ്താവന)

കഴിഞ്ഞ ഇരുപത്തഞ്ചിലധികം വർഷങ്ങളായി വയനാട്ടിലെ പരിസ്ഥിതിരംഗത്ത് പ്രവർത്തിക്കുകയും ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിൽ എക്കാലവും അവരോടൊപ്പം നിലയുറപ്പിക്കുകയും ചെയ്ത സംഘടനയാണ് വയനാട് പ്രകൃതി സംരക്ഷണസമിതി.

1952-ൽ, ഇന്ന് സിe. കെ. ജാനുവും ഗീതാനന്ദനും കയ്യേറിയിരിക്കുന്ന കാട്ടിൽ ബിർളക്ക് വേണ്ടി യൂക്കാലിപ്റ്റസ് നട്ടുപിടിപ്പിക്കുന്നതിന് വ്യാപകമായി ക്ലിയർ ഫെല്ലിങ്ങ് ആരംഭിച്ചപ്പോൾ, അതിനെതിരെയുണ്ടായ ജനകീയ ചെറുത്തുനില്പിലൂടെയാണ് വയനാട് പ്രകൃതി സംരക്ഷണസമിതി രൂപീകൃതമായത്. ആദിവാസി കോളനികൾ സന്നദ്ധസംഘടനകളുടെ കൂത്തരങ്ങായി മാറുന്നതിന് മുമ്പ്, 1983-ൽ കുഷ്ഠരോഗം ബാധിച്ച് 25-ൽ അധികം പേർ മരിച്ചപ്പോഴും, പിന്നീട് ക്ഷയരോഗബാധിതരായി നൽപ്പുഴയിലെ തന്നെ കാക്കവയൽ, കോളിപ്പാടി കോളനികളിലെ ആദിവാസികൾ ചത്തൊടുങ്ങിയപ്പോഴും, അന്തരിച്ച പ്രശസ്ത പത്രപ്രവർത്തകൻ കെ. ജയചന്ദ്രന്റെ സഹായത്തോടെ സർക്കാരിന്റെയും മാധ്യമങ്ങളുടെയും ശ്രദ്ധ തിരിച്ചുവിട്ടതും അവർക്കാവശ്യമായ സഹായമെത്തിച്ചതും സമിതിയുടെ പ്രവർത്തകരായിരുന്നു. കുറച്ചു വർഷങ്ങൾക്കു മുമ്പ്, ബിർളക്ക് വേണ്ടി മുള മുറിച്ചു കയറ്റുന്ന ജോലി ബത്തേരിയിലെ വിരലിലെണ്ണാവുന്ന ചുമട്ടുതൊഴിലാളികൾ കുത്തകയാക്കിയപ്പോൾ അതിനെതിരെ ഹൈക്കോടതിയിൽ കേസു കൊടുത്ത് അഞ്ഞൂറിലധികം വരുന്ന ആദിവാസികൾക്ക് വർഷങ്ങളോളം സ്ഥിരം തൊഴിൽ നേടിക്കൊടുത്തത് പ്രകൃതി സംരക്ഷണസമിതി പ്രവർത്തകരാണ്. ടൂറിസം വികസനത്തിന്റെ പേരിൽ, വയനാട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ, ലക്കിടിയിലെ മൂന്ന് ആദിവാസി കുടുംബങ്ങളെ പാതിരാത്രിയിൽ ഇറക്കിവിട്ട് കുടിലുകൾക്ക് തീ വെച്ചപ്പോൾ അതിനെതിരെ ശബ്ദിക്കാനും പ്രവർത്തിക്കാനും സമിതി മാത്രമേ തയ്യാറായുള്ളൂ. 1955 മുതൽ തുടർച്ചയായി വയനാട്ടിലെ മുളയും കാടും ബിർളക്ക് വേണ്ടി, വെട്ടിനശിപ്പിച്ചുകൊണ്ടിരുന്നപ്പോൾ, വനവിഭവങ്ങൾ ശേഖരിച്ചും മുളയുപയോഗിച്ച് കുട്ടയും പനമ്പും നെയ്തും ജീവിക്കുന്ന, അയ്യായിരത്തോളം ആദിവാസികളുടെ അതിജീവനത്തിന് പ്രാമുഖ്യം നൽകണമെന്നും മാവൂർ റയോൺസ് ഫാക്ടറി അടച്ചുപൂട്ടിക്കൊണ്ട് ആദിവാസികളേയും വയനാട്ടിലെ അവശേഷിക്കുന്ന കാടും സംരക്ഷിക്കണമെന്നും ആവശ്യപ്പെട്ട് നിരവധി പ്രക്ഷോഭങ്ങളും സമരങ്ങളും സംഘടിപ്പിച്ചത് പ്രകൃതി സംരക്ഷണസമിതിയാണ്. വൈൽഡ്‌ലൈഫ് സാങ്ച്ചറിയുടെ കോർ ഏരിയയിൽ താമസിക്കുന്നവരെ പുറത്ത് പുനരധിവസിപ്പിക്കാനുള്ള കേന്ദ്രപദ്ധതിയിൽ ഭൂമിയില്ലാത്ത ആദിവാസികളെയും ഉൾപ്പെടുത്താനും അവർക്ക് കുറഞ്ഞത് ഒരേക്കറെങ്കിലും കൃഷിയോഗ്യമായ ഭൂമി നൽകാനും തീരുമാനമെടുപ്പിച്ചത് പ്രകൃതി സംരക്ഷണസമിതിയുടെ പ്രവർത്തകരാണ്. മാത്രമല്ല, അന്യാധീനപ്പെട്ട ആദിവാസി ഭൂമി തിരിച്ചുപിടിക്കാനായി കഴിഞ്ഞ കാലങ്ങളിൽ നടന്ന സമരങ്ങൾക്ക് നിരുപാധിക പിന്തുണയുമായി രംഗത്ത് വന്ന ഏക സംഘടന വയനാട് പ്രകൃതി സംരക്ഷണസമിതിയാണ്.

സന്നദ്ധസംഘടനകളുടേയും വൻകിട പത്രങ്ങളുടേയും സക്കറിയയെ പോലുള്ള മാർക്കറ്റിംഗ് വിദഗ്ദ്ധരുടെയും ഇഷ്ടതോഴിയായ സി. കെ. ജാനുവിന്റെ ആദിവാസി രംഗത്തെ സേവനങ്ങളും വിലയിരുത്തപ്പെടേണ്ടതാണ്. സൗത്ത് സോൺ ആദിവാസി ഫോറമെന്ന ഫണ്ടഡ് സംഘടന (സമ്മേളനസ്ഥലത്ത് നിരീക്ഷകരായി എത്തിയ ഫണ്ടിങ് ഏജൻസിയുടെ വിദേശികളെ സി. പി.ഐ.(എം.എൽ) പ്രവത്തകർ പിടികൂടി വിചാരണ നടത്തിയ കാര്യം ജാനു മറന്നാലും വയനാട്ടുകാർ മറന്നിട്ടില്ല.) മാനന്തവാടിയിൽ സംഘടിപ്പിച്ച സംഗമത്തോടെയാണ് സി.പി.എം. പ്രവർത്തകയായിരുന്ന ജാനു 'ആദിവാസികൾക്ക് വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ചത്' തുടർന്ന് പനവല്ലിയിലും ചീങ്ങേരിയിലും സർക്കാർ ഭൂമി കയ്യേറി അവകാശം സ്ഥാപിച്ചുവെങ്കിലും ഒടുവിൽ കൂടെ നിന്ന ആദിവാസികളെ നിരാധാരമാക്കിക്കൊണ്ട് ജാനു സർക്കാരുമായി ഒത്തുതീർപ്പുണ്ടാക്കി സമരം പിൻവലിച്ചു. ജാനുവിന്റെ പഞ്ചായത്തായ തിരുനെല്ലിയിലെ അവിവാഹിതരായ ആദിവാസി അമ്മമാരുടെ പ്രശ്നം കേരളത്തിലെ ബുദ്ധിജീവികൾക്കും മാധ്യമങ്ങൾക്കും സെൻസേഷനലായ 'അശ്ലീലമായിരുന്ന' കാലത്ത് അവർക്ക് വേണ്ടി കോടതിയിൽ പോവാനോ, ആയിരത്തിലധികം വരുന്ന അച്ഛനില്ലാത്ത കുട്ടികൾക്ക് പിതത്വം നേടിക്കൊടുക്കാനോ ജാനു ശ്രമിച്ചില്ല. കേന്ദ്രവനനിയമമനുസരിച്ച് വനമേഖലയിലെ ദിവസക്കൂലി തൊഴിലുകൾ 70 ശതമാനം ആദിവാസികൾക്ക് നൽകണമെന്ന് അനുശാസിക്കുമ്പോൾ പോലും വയനാട്ടിലെ കാടുകളിൽ ഫോറസ്റ്റ് വാച്ചർ, ഫയർ വാച്ചർ തുടങ്ങിയ തൊഴിലുകൾ ആദിവാസികൾക്കായി നീക്കിവെക്കണമെന്ന് ആവശ്യപ്പെടാനോ മന്ത്രി സുധാകരന്റെ ഗുണ്ടാസംഘത്തിൽപ്പെട്ടവരെ നിയമിക്കുന്നതിനായി നിലവിലുണ്ടായിരുന്ന ആദിവാസികളെ പിരിച്ചുവിട്ടത് തടയാനോ ജാനു ശ്രമിച്ചില്ല. **എന്നാൽ ഇത്തരം ചെയ്യാത്ത കാര്യങ്ങൾക്കായി ജാനു വിചാരണ ചെയ്യപ്പെടേണ്ടതില്ല.**

1975-ലെ ആദിവാസി നിയമം ജാനുവിചാരിക്കുന്നതുപോലെ ജാനുവും എ.കെ. ആന്റണിയും തമ്മിലുണ്ടാക്കിയ കരാറല്ല, അതൊരു സാമൂഹ്യനീതിയുടെ പുനഃസ്ഥാപനമാണ്. ഇന്ത്യൻ ഭരണഘടനയുടെ ഒമ്പതാം ഷെഡ്യൂളിൽ കൂട്ടിച്ചേർത്ത ഈ നിയമം കോടതിയിൽ പോലും ചോദ്യം ചെയ്യപ്പെടാവുന്നതല്ല. ഈ നിയമം അട്ടിമറിക്കുന്നതിനുള്ള ശ്രമം തുടക്കം മുതലേ ആരംഭിച്ചതാണ്. വൻകിട എസ്റ്റേറ്റുടമകളും കുടിയേറ്റക്കാരും വിദേശ ഏജൻസികളും, കേരള നിയമസഭയിലെ ഇടത് വലത് സാമാജികരും ഒരുപോലെ ശ്രമിച്ചിട്ടും നിയമം ഇല്ലാതാക്കാൻ കഴിഞ്ഞില്ല. എന്നാൽ അതാണ് കഴിഞ്ഞ വർഷത്തെ ജാനുവിന്റെ സെക്രട്ടറിയേറ്റിലെ കുടിൽകെട്ടൽ സമരത്തിലൂടെ അട്ടിമറിക്കപ്പെട്ടത്. ഇതിന്റെ പേരിൽ ജാനു കുറ്റവിചാരണ ചെയ്യപ്പെടണം. നിരവധി സമരങ്ങളിലൂടെയും പ്രക്ഷോഭങ്ങളിലൂടെയും ഡോ. നല്ലതമ്പിയും, നിരവധി ആദിവാസി സംഘടനകളും സാമൂഹ്യപ്രവർത്തകരും

സുപ്രീംകോടതിയിൽ വരെ എത്തിച്ച ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കൽ നിയമം, വിദേശഫണ്ടിങ്ങ് ഏജൻസികളുടെയും എ. കെ. ആന്റണിയുടെയും കുടിയേറ്റ ലോബിയുടെയും താല്പര്യപ്രകാരം ജാനുവിനോടൊപ്പം നിന്ന് തകർക്കാൻ കൂട്ടുനിന്ന ആദിവാസിയല്ലാത്ത ഗീതാനന്ദനും വിചാരണ ചെയ്യപ്പെടണം. അതിന് ചൂട്ടുപിടിച്ചുകൊടുത്ത തിരുവനന്തപുരത്തെ സാംസ്ക്കാരിക നായകന്മാരും സ്ഥിരം 'ഒപ്പിയാൻമാരും' ആദിവാസികളുടെ ജീവിതത്തിലേക്ക് നഗരബുദ്ധിജീവിയുടെ മഞ്ഞക്കണ്ണുകൾകൊണ്ട് മാത്രം നോക്കുന്ന കോഴിക്കോട്ടെ ഇനീഷ്യേറ്റീവ്കാരനും വിചാരണ ചെയ്യപ്പെടണം.

ആദിവാസിയുടെ വനവിഭവശേഖരണവും തൊഴിലും ജീവിതം തന്നെയും നശിപ്പിക്കുന്നതാണ് ബിർളയുടെ മുളവെട്ടലെന്നും, അതുകൊണ്ട് റയോൺസ് ഫാക്ടറി അടച്ചുപൂട്ടി ആദിവാസിയെ സംരക്ഷിക്കണമെന്നും ആവശ്യപ്പെട്ട് സമരം ചെയ്ത വയനാട് പ്രകൃതി സംരക്ഷണസമിതി പ്രവർത്തകരെ തൊഴിലാളികളെക്കൊണ്ട് കൈകാര്യം ചെയ്യിക്കുമെന്ന് ഭീഷണി മുഴക്കിയ , എക്കാലവും ഒരു പരിസ്ഥിതി വിരുദ്ധനായിരുന്ന ഗ്രോവാസുവിന്റേയും പണ്ട് പശ്ചിമഘട്ടരക്ഷായാത്രക്ക്, ബഹുരാഷ്ട്ര കമ്പനികളിൽനിന്ന് സ്പോൺസർഷിപ്പായി പണം വാങ്ങാത്തതിന് പ്രകൃതി സംരക്ഷണസമിതിയെ തള്ളിപ്പറഞ്ഞ് കടന്നുപോയ സിവിക് ചന്ദ്രന്റേയും സ്വയം വിമോചിത ആദിവാസി സ്വപ്നങ്ങൾ ഞങ്ങൾക്ക് ആഹ്ലാദം പകരുന്നില്ല.

♦ വയനാട് പ്രകൃതി സംരക്ഷണസമിതി പ്രവർത്തകരെ വിചാരണചെയ്യും മുമ്പ് സി. കെ. ജാനു താഴെ പറയുന്നവരെ വിചാരണ ചെയ്യുക, ഒപ്പം സ്വന്തം മനസ്സാക്ഷിയേയും

♦ ആദിവാസിയുടെ ഭൂമിയും അവന്റെ ജീവിതവും തട്ടിയെടുത്ത എസ്റ്റേറ്റ് മുതലാളിമാരേയും വൻകിട കുടിയേറ്റക്കാരനേയും

♦ പോലീസ് അധിനിവേശത്തിന്റെയും സാക്ഷരതയുടേയും കുടിയേറ്റത്തിന്റെയും പേരിൽ ആയിരത്തിലധികം അച്ഛനില്ലാത്ത കുഞ്ഞുങ്ങളെ സൃഷ്ടിച്ചവരെ.

♦ സുൽത്താൻ ബത്തേരിക്കടുത്ത കിടങ്ങിൽ കുറുമ കോളനിയിലെ ആദിവാസികളെ അടിച്ചോടിച്ച് അവരുടെ ഭൂമിയിൽ തോട്ടമുണ്ടാക്കിയ കോളേജ് മാനേജ്മെന്റിലെ മാന്യൻമാരെ.

♦ ആദിവാസികൾ കണികാണാൻ യോഗ്യരല്ലെന്ന് പറഞ്ഞ് ആറ് ആദിവാസികളെ വെട്ടിയും കുത്തിയും വെടിവെച്ചും കൊന്നിട്ടും ഇന്നും മാന്യൻമാരായി നടക്കുന്നവരെ.

♦ നൂൽപ്പുഴ പഞ്ചായത്തിലെ ഇരുപത്തഞ്ചിലധികം പേരെ വകവരുത്തിയ, ഇന്നും സജീവമായ ചാരായ ലോബിയിലെ മാന്യൻമാരെ.

വയനാട് പ്രകൃതി സംരക്ഷണസമിതി പ്രവർത്തകർക്ക് ആത്മാർത്ഥതയോടെ പറയാൻ കഴിയും - പ്രവർത്തനങ്ങൾ പരിമിതമായിരുന്നെങ്കിലും അവയൊന്നും സന്നദ്ധസംഘടനകളുടേയോ, ഫണ്ടഡ് ഏജൻസികളുടേയോ പണം പറ്റിയായിരുന്നില്ല. മന്ത്രി കൊടുത്ത സെൽഫോണും, ആറുമാസത്തെ ഭക്ഷണവുമായി കാടു കയ്യേറിയ ജാനുവിനും ആദിവാസിയല്ലാത്ത ഗീതാനന്ദനും ഫണ്ടഡ് ഏജൻസികളെ തള്ളിപ്പറയാൻ കഴിയുമോ? വയനാടിന്റെ വർത്തമാനകാല പരിതസ്ഥിതിയിൽ...! 'അന്നത്തേടം ' മുട്ടിക്കാൻ പാടുപെടുന്ന ആദിവാസികൾ ആരുടേയും സഹായമില്ലാതെ ആറുമാസത്തേക്കുള്ള ഭക്ഷണവും സംഘടിപ്പിച്ച് കാടു കയ്യേറാൻ ജാനുവിനോടൊപ്പം തയ്യാറായി എന്ന് പറഞ്ഞാൽ വിശ്വസിക്കാൻ 'കോഴിക്കോട്ടെ ബുദ്ധിജീവികളെ' മാത്രമെ കിട്ടൂ.

ആന്റണിയുമായുണ്ടാക്കിയ കരാർ പാലിക്കാത്തതുകൊണ്ടാണ് കാട് കയ്യേറിയതെന്ന് പറഞ്ഞിരുന്ന ജാനു, ഇപ്പോൾ പറയുന്നത് മുത്തങ്ങാക്കാടുകളെ ജിമ്മിൽനിന്നും രക്ഷിക്കാനാണ് കയ്യേറ്റമെന്നാണ്.

സി. കെ. ജാനുവും ഗീതാനന്ദനും ഒന്നോർക്കുക, നിങ്ങൾക്ക് കരാർ നടപ്പാക്കിക്കിട്ടുകയായിരുന്നു ലക്ഷ്യമെങ്കിൽ നിങ്ങൾ മാർച്ച് ചെയ്യേണ്ടിയിരുന്നത് മുത്തങ്ങയിലെ കാട്ടുമൃഗങ്ങളുടെ മുമ്പിലേക്കല്ല, കൊച്ചിയിലെ ജിം വേദിയിലെ നാട്ടുമൃഗങ്ങളുടെ മുമ്പിലേക്കായിരുന്നു. ആനയും കാട്ടുപോത്തുമായിട്ടായിരുന്നില്ല കരാർ, ആന്റണിയും കുട്ടപ്പനുമായിട്ടായിരുന്നു. കരാർ നടപ്പാക്കിയിട്ടു മതി ജിം എന്ന് പറയാൻ തന്റേടം കാണിക്കണമായിരുന്നു. ജിമ്മിനെതിരെ വയനാട്ടിൽ നിന്നും പ്രതികിരച്ച വയോധികനായ കുന്നേൽ കൃഷ്ണനെ തല്ലിയതുപോലെ ആന്റണിയുടെ പോലീസ് ജാനുവിനെ തല്ലില്ല എന്ന് ഞങ്ങൾക്കറിയാം. പക്ഷെ നിങ്ങൾ ജിമ്മിനെതിരെ ഒരക്ഷരം പറയുകയില്ല, കാരണം - ആഗോളവൽക്കരണത്തിനും ലോകമുതലാളിത്തത്തിനും വേണ്ടി നിലകൊള്ളുകയും, ലോകത്തെങ്ങും വികസിച്ചുവരുന്ന അധഃസ്ഥിത തൊഴിലാളിമുന്നേറ്റങ്ങളെ സമർത്ഥമായി ഹൈജാക്കുചെയ്യുകയും ചെയ്യുന്ന ഇൻറർ നാഷണൽ ഫണ്ടിങ്ങ് ഏജൻസികളാണ് ഒരുപോലെ ജിമ്മിന്റെ വേദിയിലിരുന്ന് ചിരിക്കുന്നതും ജാനുവിന്റെ പുറകിലിരുന്ന് തലനീട്ടുന്നതും.

വയനാട് പ്രകൃതി സംരക്ഷണസമിതി

**തോമസ് അമ്പലവയൽ - സെക്രട്ടറി**

ബത്തേരി / 27-01-03

## വയനാട് പ്രകൃതി സംരക്ഷണ സമിതി, സുൽത്താൻ ബത്തേരി.

കൽപ്പറ്റ - ആഗസ്ത് 25. കേരളത്തിലെ ബാക്കി നിൽക്കുന്ന സംരക്ഷിത വനങ്ങൾക്ക് നേരെയും പരിസ്ഥിതി സംതുലിതാവസ്ഥക്ക് നേരെയും ഉയരുന്ന നിരവധി ഭീഷണികളുടെ സാഹചര്യത്തിൽ വനങ്ങളും പാരിസ്ഥിതിക സംതുലിതാവസ്ഥയും വനമേഖലയിൽ ജീവിക്കുന്ന ആദിവാസികളുടെ നിലനിൽപ്പും സംബന്ധിച്ച് ഗൗരവകരമായ ചർച്ചകൾ അനിവാര്യമായിരിക്കുന്നു.

ഇത്തരമൊരു ചർച്ചകൾക്ക് തുടക്കം കുറിക്കാൻ വയനാട് പ്രകൃതി സംരക്ഷണ സമിതി തീരുമാനമെടുത്തതിന്റെ ആരംഭമെന്ന നിലയിൽ 2003 ആഗസ്ത് 29, 30, 31 തീയതികളിൽ വയനാട്ടിലെ മുത്തങ്ങയിൽ ആദിവാസി നേതാക്കളുടെയും പരിസ്ഥിതി പ്രവർത്തകരുടേയും സംഗമം നടത്തുകയാണ്.

കേരളത്തിൽ ജൈവവൈവിദ്ധ്യം എന്ന മഹത്തായ സമ്പത്ത് ഇന്ന് നേരിടുന്ന വിനാശ-ചൂഷണ പ്രശ്നങ്ങൾ, കേരളത്തിൽന്റെ കാർഷിക രംഗത്ത് സംഭവിക്കുന്ന പ്രശ്നങ്ങൾ, കേരളത്തിന്റെ നദികളും ജല സമ്പത്തും നേരിടുന്ന ഭീഷണികൾ, കേരളത്തിലെ ആദിവാസി സമൂഹം നേരിടുന്ന വെല്ലുവിളികൾ തുടങ്ങിയവ ചർച്ച ചെയ്യുകയും, ഇന്ന് ചുറ്റിലും ഉയർത്തപ്പെടുന്ന അയഥാർത്ഥവും പരിസ്ഥിതി വിരുദ്ധവും മനുഷ്യ വിരുദ്ധവുമായ വീക്ഷണങ്ങളെ തുറന്ന് കാണിക്കുകയും പാരിസ്ഥിതികവും മാനുഷികവുമായ യഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ടു കൊണ്ട് പുതിയ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയാണ് സംഗമത്തിന്റെ ലക്ഷ്യം.

ഇത്തരം പ്രശ്നങ്ങളിൽ സജീവമായി, നേർകാഴ്ചയോടെ ഇടപെടുന്ന ചിന്തകരും എഴുത്തുകാരും ആദിവാസി നേതാക്കളും സംഗമത്തിൽ പങ്കെടുക്കും. ഡോ: രാജൻഗുരുക്കൾ, പി.കെ ഉത്തമൻ ഡോ: സതീഷ്ചന്ദ്രൻ, ഡോ: ശാന്തി , ഡോ: രാഘവവാരിയർ, ലത്തീഫ് കിഴിശ്ശേരി, ഒ.കെ. ജോണി, എബിജോർജ്ജ്, (അഹാഡ്സ്, അട്ടപ്പാടി) വിവിധ ആദിവാസി വിഭാഗങ്ങളുടെ നേതാക്കളായ ആലംതട്ട പ്രഭാകരൻ, എടക്കർ മോഹൻ (വയനാട്) ശ്രീധർ (അട്ടപ്പാടി) കൃഷ്ണൻകുട്ടി, പി.കെ വാസുദേവൻ, (തിരുവനന്തപുരം) ദുര്യോധനൻ, മണിലാൽ (തൃശൂർ) തുടങ്ങി നിരവധി പേർ പങ്കെടുക്കുന്നതാണ്.

സെക്രട്ടറി, വയനാട് പ്രകൃതി സംരക്ഷണ
സമിതി.

Thomas

തോമസ് അമ്പലവയൽ.

## *വയനാട് പ്രകൃതി സംരക്ഷണസമിതി*

സുൽത്താൻ ബത്തേരി - 673 592

വയനാട് - കേരളം

പ്രിയപ്പെട്ട [illegible]

ആയുധങ്ങളുടെ ശക്തി മാത്രം ഉപയോഗിച്ച്, സ്വതന്ത്ര രാഷ്ട്രങ്ങളെ തകർത്തുതരിപ്പണമാക്കി, മനുഷ്യാവകാശധ്വംസനങ്ങൾ വ്യാപിക്കുന്ന ഈ കാലത്ത് നാമെല്ലാവരും മനുഷ്യനീതിയെക്കുറിച്ച് ആഴത്തിൽ ചിന്തിച്ച്, പൊതുനന്മ ലക്ഷ്യമാക്കിയുള്ള തീരുമാനങ്ങളിലെത്തേണ്ടതുണ്ട്. മനുഷ്യർ മറ്റ് മനുഷ്യസമൂഹങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്ന യുദ്ധങ്ങൾ പോലെതന്നെ, ഒരുപക്ഷെ അതിലും ബീഭത്സമായി, അധിനിവേശത്തിന്റേയും കീഴ്പ്പെടുത്തലിന്റേയും യുദ്ധം, പ്രകൃതിയുടെമേലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഭൂമിയുടെ അവകാശികളേക്കുറിച്ച് ചിന്തിക്കുന്നതിനൊപ്പം ഭൂമിയ്ക്ക് നമ്മുടെമേലുള്ള അവകാശങ്ങളേക്കുറിച്ചും ചിന്തിക്കുന്നതാണ് നീതി. വൈവിദ്ധ്യങ്ങൾ ഉൾക്കൊള്ളാനാവാത്ത മനുഷ്യമനസ്സുകളുടെ 'പുരോഗതി'യിൽനിന്ന് വിഭിന്നമായി, വൈവിദ്ധ്യങ്ങളെ നിലനിർത്തി, ഉൾക്കൊള്ളാനാവുന്നത്രയും വൈവിദ്ധ്യങ്ങളിൽ നിന്നുൾക്കൊണ്ട്, നിലനില്ക്കാൻ പ്രപ്തരാവുക എന്നതാണ് യഥാർത്ഥ മനുഷ്യവളർച്ച.

കഴിഞ്ഞ കുറേ നൂറ്റാണ്ടുകളിലെ കേരളത്തിന്റെ മുഖഛായ മാറ്റത്തിൽ ഏറ്റവും ശ്രദ്ധേയമായത് ഭൂമിയുടെ ജീവസമൂഹങ്ങളുടേയും മനുഷ്യസംസ്കാരങ്ങളുടേയും വൈവിദ്ധ്യത്തിന്റെ നാശമാണ്. 'എകവിള' കാഴ്ച്ചപ്പാട് ഒരു മഹാവ്യാധി പോലെ ഇത്രവേഗം, ഇത്രവ്യാപ്തിയിൽ ബാധിച്ച, നമ്മുടേതു പോലെ മറ്റൊരു നാടുണ്ടാവില്ല. വനനാശത്തിനൊപ്പം, നാണ്യവിളകൃഷി വ്യാപനത്തോടൊപ്പം വംശനാശ ഭീഷണി നേരിടുന്നു കേരളത്തിലെ ഗോത്രസമൂഹങ്ങളും. ഈ പശ്ചാത്തലത്തിൽ വേണം അടുത്തകാലത്ത് കേരളസമൂഹം ഏറ്റവും ശ്രദ്ധിച്ച ആദിവാസിഭൂസമരത്തെ നമ്മൾ കാണേണ്ടത്.

സ്വാതന്ത്ര്യലബ്ധിക്ക് ശേഷം, ആദിവാസിവികസനപദ്ധതികൾ, ആദിവാസിസമൂഹങ്ങളെ സാമൂഹിക മുഖ്യധാരയിലെത്തിക്കാൻ ചെയ്ത പ്രവൃത്തികളൊക്കെയും എന്താണവർക്ക് നേടിക്കൊടുത്തതെന്ന് നമുക്കൊക്കെ വ്യക്തമായറിയാം. സാംസ്കാരിക വ്യക്തിത്വം നഷ്ടപ്പെട്ട്, സമൂഹ്യ- സാമ്പത്തിക ചൂഷണങ്ങൾക്ക് വിധേയമായി തുടച്ചുമാറ്റപ്പെടുന്ന കേരളത്തിലെ ഗോത്രസമൂഹങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ചും പ്രസക്തിയെക്കുറിച്ചും വ്യക്തമായ ഒരുധാരണ മലയാളി സമൂഹത്തിന് ഉണ്ടാവേണ്ടതുണ്ട്. ഈ മൊത്തം പ്രശ്നങ്ങളേയും കണക്കിലെടുത്തുവേണം ആദിവാസികളുടെ മൗലികാവകാശങ്ങളേയും ഭൂസമരത്തേയും നാം ഉൾക്കൊള്ളേണ്ടത്.

കേരളത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും അതേസമയം തിരുത്താൻ എളുപ്പമല്ലാത്തതുമായ വനനശീകരണവും അതിന്റെ പരിണതഫലമായ വരൾച്ചയും നാം കണക്കിലെടുത്തേ തീരൂ. ഒപ്പം ഇന്നുള്ള വനഭൂമിയായാലും കൃഷിഭൂമിയായാലും നേരിടുന്ന പ്രശ്നങ്ങളും അവയുടെ നീണ്ട കാലത്തേക്കുള്ള സാധ്യതയുമൊക്കെ വിലയിരുത്തുന്നതിനൊപ്പം, മൂന്ന് ലക്ഷത്തോളം വരുന്ന ആദിവാസിസമൂഹങ്ങൾ ഇന്ന് ജീവിക്കുന്ന ഭൂപ്രദേശങ്ങളുടെ മൊത്തം പാരിസ്ഥിതിക പ്രസക്തിയും പ്രധാനപ്രശ്നങ്ങളും നാം മനസ്സിലാക്കണം.

ഇത്തരം വിഷയങ്ങളിൽ താൽപര്യമുള്ള ആദിവാസിനേതൃത്വവും സാമൂഹ്യ പ്രവർത്തകരും ഇക്കാര്യങ്ങളെക്കുറിച്ച് ഒരുമിച്ചൊരു വിലയിരുത്തൽ നടത്തിയിട്ടുവേണം കേരളത്തിന്റെ മൊത്തം നന്മയെക്കൂടി ലക്ഷ്യമാക്കിയുള്ളതും ഓരോ ആദിവാസി സമൂഹത്തിനും അവർ ജീവിക്കുന്ന ഭൂമിയ്ക്കും പ്രസക്തമായതുമായ പ്രയോഗിക ഉത്തരങ്ങളിൽ നാം എത്തേണ്ടത്.

ഇത്തരമൊരു ചർച്ചക്ക് തുടക്കം കുറിക്കാൻ ശ്രമിക്കുകയാണ് വയനാട് പ്രകൃതിസംരക്ഷണ സമിതി. 2003 ആഗസ്ത് 29, 30, 31 തിയ്യതികളിൽ, വയനാട്ടിലെ മുത്തങ്ങയിൽ വെച്ച് നടത്തുന്ന കൂടിച്ചേരലിലേക്ക് താങ്കളെ ക്ഷണിക്കുന്നു. ചർച്ചാവിഷയങ്ങളേക്കുറിച്ച് താങ്കളുടെ അഭിപ്രായം നേരത്തേ അറിയിക്കുമല്ലോ. ചർച്ചയിൽ ഉൾപ്പെടുത്തേണ്ടുന്ന വിഷയങ്ങളെക്കുറിച്ചൊരു ആമുഖക്കുറിപ്പ് താങ്കൾക്കെത്തിക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നു. ഈ വേദിയിൽ പങ്കെടുപ്പിക്കണമെന്ന് താങ്കൾക്ക് ാൽപര്യമുള്ളവരുടെ മേൽവിലാസം കഴിയുന്നതും നേരത്തേ ദയവായി എത്തിച്ചുതരുമല്ലോ.

സുൽത്താൻ ബത്തേരി

11-7-03

*സ്നേഹത്തോടെ,*

**തോമസ് അമ്പലവയൽ.**

സെക്രട്ടറി.

ഇന്ദ്രാവിലൻ

വയനാട് ഞ്ഞോ.